# പ്രാർത്ഥന മുഖേന അല്ലാഹു വഴികാട്ടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ ചില ഗ്രന്ഥങ്ങളിൽ മസീഹും മഹ്ദിയും താനാണെന്ന് പ്രഖ്യാപനം നടത്തിക്കൊണ്ട് സത്യാന്വേഷികളായ ഉലമാക്കളുടെയും സുലഹാക്കളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധ മറ്റൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നു. യാതൊരു കാരണവും കൂടാതെ ഫത്‌വ നൽകുന്നതിൽ നിന്നും ഒന്നും ചിന്തിക്കാതെ ഉലമാവർഗ്ഗത്തെ പൊതുജനങ്ങൾ അന്ധമായി പിൻപറ്റുന്നതിൽ നിന്നും വിട്ടുനിന്നുകൊണ്ട് സത്യം അറിയാൻ അല്ലാഹുവിനോട് സഹായം തേടുക എന്നതാണത്. അതിനുള്ള നിബന്ധന നിഷ്പക്ഷമായി അല്ലാഹുവിന്റെ മുമ്പിൽ പ്രാർത്ഥിക്കണം എന്നതാണ്. അങ്ങനെയാണെങ്കിൽ അല്ലാഹു തീർച്ചയായും വഴികാട്ടുന്നതാണ്. ഹ: മസീഹ് മൗഊദ് عليه السلام നിശാനെ ആസ്മാനി എന്ന തന്റെ ഗ്രന്ഥത്തിൽ ദുആ ചെയ്യേണ്ട രീതി എഴുതുന്നുണ്ട്. **തൗബത്തുന്നുസൂഹ്** ചെയ്തതിനുശേഷം രാത്രിയിൽ രണ്ട് റകഅത്ത് നമസ്ക്കരിക്കുക. ആദ്യ റകഅത്തിൽ സൂറ യാസീൻ ഒതുക. രണ്ടാമത്തെ റകഅത്തിൽ 21 പ്രാവശ്യം സൂറ ഇഖ്ലാസ് ഓതുക. അതിനുശേഷം 300 പ്രാവശ്യം നബി ﷺ യുടെ പേരിൽ സ്വലാത്തും, 300 പ്രാവശ്യം ഇസ്തിഗ്ഫാറും ചൊല്ലി അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്യുക; അല്ലാഹുവെ! നീ മറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിയുന്നവനാണ്. ഈ വ്യക്തിയെക്കുറിച്ചുള്ള യഥാർത്ഥ്യം എനിക്ക് വെളിപ്പെടുത്തിത്തന്നാലും. ഈ ദുആ ചെയ്യുമ്പോൾ നിഷ്പക്ഷമായിരിക്കണം എന്ന് ആ മഹാത്മാവ് ആവർത്തിച്ച് പറയുന്നുണ്ട്.

ഇവിടെ ആദ്യം പറഞ്ഞത് **തൗബത്തുന്നുസൂഹ്** ചെയ്യണമെന്നാണ്. അത് പൊതുവിൽ ചെയ്യാറില്ല. പ്രത്യേകിച്ച് ഉലമാവർഗ്ഗം അത് ചെയ്യില്ല. ആ മഹാത്മാവ് പറയുന്നു. ''ഹൃദയം വിദ്വേഷത്താൽ നിറഞ്ഞിരിക്കുകയാണെങ്കിൽ ദുർധാരണ നിഴലിച്ച് നിൽക്കുകയും ചെയ്യുമ്പോൾ പൈശാചിക ചിന്തകളെ വരികയുള്ളൂ. ഞങ്ങൾ കുറേ ദുആ ചെയ്തിട്ടും സത്യമൊന്നും വെളിപ്പെട്ടിട്ടില്ല എന്ന് ചിലർ പറയാറുണ്ട്.'' ഹൃദയത്തിൽ വിദ്വേഷവും പകയും നിറഞ്ഞിരിക്കുകയാണെങ്കിൽ പിശാച് തന്നെയാണ് വഴികാട്ടുക. അല്ലാഹു എങ്ങനെ വഴികാട്ടാനാണ് എന്ന് ഹ: മസീഹ് മൗഊദ് عليه السلام ചോദിക്കുന്നു.

ഇതെപോലെ ഉലമാക്കളെയും സുലഹാക്കളെയും കിതാബുൽ ബരിയ്യഃ എന്ന തന്റെ ഗ്രന്ഥത്തിൽ സംബോധന ചെയ്തുകൊണ്ട് അല്ലാഹുവിനോട് സഹായം അർത്ഥിക്കാൻ അദ്ദേഹം അപേക്ഷിക്കുന്നു. എന്നാൽ വിദ്വേഷത്താൽ നിറഞ്ഞിരിക്കുന്ന ഉലമാവർഗ്ഗം ഒരിക്കലും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കുന്നില്ല. അവർ തങ്ങളുടെ കൂടെ പൊതുജനങ്ങളെയും നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതെല്ലാമാണെങ്കിലും വാഗ്ദത്ത മസീഹ് عليه السلام പറഞ്ഞ ഈ കുറിപ്പടിയെ ഉപയോഗിക്കുന്ന പല സാത്വികരുമുണ്ട്. അവർ അല്ലാഹുവിനോട് മാർഗദർശനത്തിനായി അർത്ഥിക്കുകയും അല്ലാഹു അവർക്ക് മാർഗദർശനം നൽകുകയും ചെയ്യുന്നു. സത്യാന്വേഷികളായ മറ്റു സദ്പ്രകൃതരായവരെ അല്ലാഹു സ്വയം വഴികാട്ടുകയും ചെയ്യുന്നു.

ഇക്കാലത്തും ഹ: മസീഹ് മൗഊദ് عليه السلام ന്റെ സത്യതയെ പ്രകടമാക്കിക്കൊണ്ട് അല്ലാഹു സന്മനസ്സോടുകൂടി സത്യം അന്വേഷിക്കുന്നവരെ വഴിക്കാട്ടുന്നുണ്ട്. ഈ അവസരത്തിൽ അങ്ങനെയുള്ളവരുടെ ചില സംഭവങ്ങളാണ് ഞാനിപ്പോൾ കേൾപ്പിക്കാൻ ഉദ്ദേശിക്കുന്നത്. വക്കാലത്തുത്തബ്ശീർ എന്ന ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള റിപ്പോർട്ടാണിത്. അറബി ഡസ്ക്കാണ് അവർക്ക് റിപ്പോർട്ട് നൽകിയത്.

ഈ മാസം ഏപ്രിലിലെ ഹിവാരുൽ മുബാശറ എന്ന എം.ടി. എ. യിലെ ലൈവ് പ്രോഗ്രാം ഒരു മിസ്റി സുഹൃത്തായ അബ്ദു ബക്കർ മുഹമ്മദ് ബക്കർ സാഹിബ് ഫോൺ മുഖേന അറിയിച്ചു. ''ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞ രീതിയിൽ ഞാൻ ഇസ്തിഖാറ ചെയ്തു. എന്നിട്ട് ദുആ ചെയ്തു. ആ രാത്രി ഞാൻ സ്വപ്നത്തിൽ കാണുകയാണ്; ഞാൻ എന്റെ ഒരു സലഫി ബന്ധുവിനെ നോക്കി എന്റെ കൈ അന്തരീക്ഷത്തിൽ വീശികൊണ്ട് എന്തോ കാര്യം ഉച്ചത്തിൽ പറയുകയാണ്. എന്നാൽ എന്റെ വാക്കുകൾ ഞാൻ കേൾക്കുന്നില്ല. ഞാൻ സ്വപ്നത്തിൽ നിന്നും ഉണർന്നു. അടുത്ത ദിവസവും ഇതേ രീതിയിൽ ഞാൻ ദുആ ചെയ്തു. അതോടൊപ്പം ഞാൻ അല്ലാഹുവിനോട് പറഞ്ഞു. അല്ലാഹുവേ എനിക്ക് പ്രകടമായ വല്ലതും കാണിച്ചുതരേണമേ. അതുമുഖേന എനിക്ക് പൂർണ്ണ സംതൃപ്തി കൈവരണം. അന്നും അതേ സ്വപ്നം തന്നെ ഞാൻ വീണ്ടും കാണുകയാണ്. ഞാൻ എന്റെ അതേ ബന്ധുവിന്റെ അടുത്ത് നിന്നുകൊണ്ട് എന്റെ കൈ വിരൽ ഇളക്കിക്കൊണ്ട് മൂന്ന് പ്രാവശ്യം ഇങ്ങനെ പറയുന്നുണ്ട്. **വല്ലാഹിൽ അളീം ഇന്നൽജമാഅത്തൽ അഹ്മദിയ്യത്ത ജമാഅത്തൽ ഹക്കി** മഹത്വമുടയവനായ അല്ലാഹുവാണെ സത്യം. അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് യഥാർത്ഥ സത്യജമാഅത്ത്. അദ്ദേഹം പറയുന്നു. അതിനുശേഷം എനിക്ക് ബൈഅത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു.''

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ''ഒരു പ്രാവശ്യം മാത്രം ദുആ ചെയ്തു കയ്യും കെട്ടി ഇരിക്കരുത്. മൂന്ന് ആഴ്ചയെങ്കിലും തുടർച്ചയായി ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിനോട് നേർവഴി കാണിച്ചുതരാൻ കൂടുതലായി അർത്ഥിക്കേണ്ടതാണ്. അല്ലാഹു തീർച്ചയായും വഴികാണിക്കുന്നതാണ്.''

അമേരിക്കയിലെ നമ്മുടെ ഒരു മുബല്ലിഗ് സാഹിബ് എഴുതുന്നു. അബ്ദുസ്സലീം സാഹിബ് എന്ന വ്യക്തി പത്തിരുപത്തഞ്ച് വർഷം മുമ്പ് ഫിജിയിൽ നിന്നും അമേരിക്കയിലെ ലോസ് ഏഞ്ചലസിൽ വന്നതായിരുന്നു. അവിടെ ക്യസ്തീയ അന്തരീക്ഷമായതുകൊണ്ട് അദ്ദേഹം ക്യസ്തുമതം സ്വീകരിച്ചു. പിന്നീട് ഒരു മുസ്ലിം സുഹൃത്തിന്റെ തബ്ലീഗ് കാരണം ഇസ്ലാമിലേക്ക് തിരിഞ്ഞു. നമ്മുടെ മുബല്ലിഗ് ഇനാമുൽ ഹഖ് കൗസറുമായി ഇദ്ദേഹം സൗഹൃദത്തിലായി. അദ്ദേഹത്തെയും കൊണ്ട് നമ്മുടെ മസ്ജിദിൽ വന്നു. അഹ്മദിയ്യത്തിനെക്കുറിച്ച് വിശദമായി കേൾപ്പിച്ചു. വായിക്കാൻവേണ്ടി പുസ്തകങ്ങൾ നൽകി. എന്നിട്ട് പറഞ്ഞു. നിങ്ങൾ ദുആ ചെയ്തുകൊണ്ട് അല്ലാഹുവിനോട് സഹായം തേടുക. തുടർന്ന് ഇസ്തിഖാറാ ദുആ ചെയ്യേണ്ട യഥാർത്ഥ രീതിയും പറഞ്ഞുകൊടുത്തു. അദ്ദേഹം

ഇസ്തി ഖാറ ദുആ ചെയ്തു. സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ കാണുകയും ചെയ്തു. അടുത്ത ദിവസം അദ്ദേഹം അനഹ്മദികളുടെ മസ്ജിദിൽ പോയി. അവിടെ അറബിൽ നിന്ന് ഒരു ശൈഖ് വന്നിരുന്നു. ശൈഖ് സാഹിബ് സദസ്സ്യർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരം നൽകി. അബ്ദുസ്സലീം സാഹിബ് എഴുന്നേറ്റ് നിന്നുകൊണ്ട് ചോദിച്ചു. ''വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ ഇമാം മഹ്ദിയുടെ കാലഘട്ടമാണിതെന്ന് തെളിയുന്നു. ഞാൻ അതുകാരണം അല്ലാഹുവിനോട് ദുആ ചെയ്തു. അല്ലാഹുവെ ഇമാം മഹ്ദി വന്നിട്ടുണ്ടെങ്കിൽ നീ എനിക്ക് പറഞ്ഞുതരിക. വന്നിട്ടുണ്ടെങ്കിൽ ആരാണത്.'' ഞാൻ ശൈഖിനോട് പറഞ്ഞു. ''എന്റെ സ്വപ്നത്തിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി വരികയുണ്ടായി.'' ഇത് കേട്ടപ്പോൾ ശൈഖ് പറഞ്ഞു. ''ഇത് പിശാച് കാണിച്ച സ്വപ്നമാണ്. ഇതിൽ ഒരു സത്യവും ഇല്ല. നിങ്ങൾ കൂടുതലായി **അഊദുബില്ലാ** എന്നത് ചൊല്ലുക. സ്വലാത്തും ചൊല്ലിക്കൊണ്ടിരിക്കുക.'' ഞാൻ വീണ്ടും ദുആ ചെയ്തു. കുറെ പ്രാവശ്യം സ്വലാത്തും ചൊല്ലി. എന്നാൽ വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ സ്വപ്നത്തിൽ കാണുകയുണ്ടായി. അടുത്ത പ്രാവശ്യം ഈ ശൈഖിന്റെ ചോദ്യോത്തരസദസ്സിൽ പോയി ഇക്കാര്യം തന്നെ പറഞ്ഞു. ശൈഖിന്റെ മറുപടി; ''ഇത് ശൈത്താൻ കാണിച്ച സ്വപ്നം തന്നെയാണെന്നാണ്.'' എനിക്ക് അത്ഭുതം തോന്നുന്നു. രാത്രി ഞാൻ അഊദുബില്ലാ എന്ന് വളരെ കൂടുതൽ ചൊല്ലുകയും സ്വലാത്ത് ചൊല്ലുകയും ചെയ്യുന്നു.മാത്രമല്ല അല്ലാഹുവെ നീ എനിക്ക് മഹ്ദി ഇമാമിന്റെ ആഗമനത്തെക്കുറിച്ച് പറഞ്ഞുതാ എന്ന് ദുആ ചെയ്യുന്നു. എന്നാൽ താങ്കൾ പറയുന്നതനുസരിച്ച് എനിക്ക് അല്ലാഹു മറുപടി നൽകുന്നില്ല; ശൈത്താൻ മാത്രമാണ് മറുപടി നൽകുന്നത് എന്നാണ്. ഇത് ആശ്ചര്യജനകം തന്നെ. ഈ മറുപടി കേട്ടപ്പോൾ മസ്ജിദിൽ ബഹളമായി. ''ഇദ്ദേഹത്തെ പള്ളിയിൽ നിന്നും പുറത്താക്കുക. ഇദ്ദേഹം കാഫിറാണ്, അശുദ്ധനാണ്'' എന്നെല്ലാമുള്ള ശബ്ദങ്ങൾ ഉയരാൻ തുടങ്ങി. പള്ളിയുടെ സൈഡിൽ സ്ക്രീനിനുപിന്നിലുണ്ടായിരുന്ന സ്ത്രീകളുടെ ഭാഗത്തുനിന്നും ശബ്ദം വരാൻ തുടങ്ങി.''ഇദ്ദേഹത്തെ പുറത്താക്കുക; ഇദ്ദേഹം കാഫിറാണ് എന്നെല്ലാം അവർ വിളിച്ചു പറയാൻ തുടങ്ങി.'' ഞാൻ അവിടെ നിന്നും എഴുന്നേറ്റ് പുറത്തേക്കുവന്നു. ഈ സംഭവങ്ങളെല്ലാം നമ്മുടെ മുബല്ലിഗ് സാഹിബിനെ കേൾപ്പിച്ചു. എന്നിട്ട് പറഞ്ഞു. ''എന്റെ മനസ്സിന് പൂർണ്ണമായും തൃപ്തിവന്നിരിക്കുന്നു. ഈ ശൈഖിന്റെ പക്കൽ ഇതിന് മറുപടിയും ഇല്ല. ഞാൻ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.'' അതിനുശേഷം അദ്ദേഹം ബൈഅത്ത് ചെയ്തു. ബൈഅത്ത് ചെയ്ത അതേ ദിവസം സ്വപ്നത്തിൽ മസീഹ് മൗഊദ് عليه السلام പൂർണ്ണ രൂപത്തിൽ അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ടു. സലാം പറഞ്ഞു. കൈ കൊടുത്തു. അഹ് മദിയ്യത്ത് സ്വീകരിച്ചതിൽ ആശീർവദിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ രീതിയിൽ ഹസ്തദാനം ചെയ്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.''

ഈ ശൈഖമ്മാരും നാമധാരികളായ ഉലമാവർഗ്ഗവും സാധാരണജനങ്ങളെ, മുസ്ലിം പൊതുസമൂഹത്തെ 120 വർഷമായി വഴിതെറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാക്കുകൾ പ്രോജ്വലമായി പുലർന്നുകൊണ്ടിരിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു. ''കാഫിർ എന്നു പറഞ്ഞിരുന്നവർ ഇല്ലാതായിത്തീർന്നതായി ഞാൻ കാണുന്നു. നിങ്ങളും കാണുന്നു. അല്ലാഹു ഇന്നും എന്നെ ജീവനോടെ നിലനിർത്തിയിരിക്കുന്നു. എന്റെ ജമാഅത്തിനെ വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു.'' ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമ്മിൽ ഇന്ന് ശാരീരികമായി ഇല്ലെങ്കിലും ജമാഅത്തിന്റെ മുന്നേറ്റവും പലർക്കും സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് തന്റെ സത്യത്തിന് സാക്ഷ്യം പറയുക എന്നതും ജീവന്റെ ലക്ഷണമാണ്.

ഇന്തോനേഷ്യൻ അമീർ സാഹിബ് എഴുതന്നു. ഡെഡിസു നാരിയാ സാഹിബ് വെസ്റ്റ് ജാവയിലെ സ്വാൻജൂർ ജമാഅത്തിലെ ഒരംഗമാണ്. 2006 ൽ അദ്ദേഹത്തിന് ജമാഅത്തിന്റെ സന്ദേശം എത്തിയിരുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. അദ്ദേഹത്തിന് ഇഷ്ടപ്പെട്ട പുസ്തകം ഹ: മസീഹ് മൗഊദ് عليه السلام ന്റെ സുപ്രസിദ്ധ ഗ്രന്ഥമായ ഇസ്ലാം മതതത്വജ്ഞാനമായിരുന്നു. പലവുരു അദ്ദേഹം ഈ പുസ്തകം വായിച്ചിരുന്നെങ്കിലും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിൽ മടിച്ചുനിന്നു. ഒരുദിവസം അദ്ദേഹത്തോട് പറഞ്ഞു. ''അല്ലാഹുവിൽ നിന്നും മാർഗദർശനത്തിനായി ഇസ്തിഖാറ ചെയ്തുനോക്കുക.'' അദ്ദേഹം തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 2008 ഫെബ്രുവരിയിൽ തന്റെ ഭാഷയിൽ ഒരു വചനം സ്വപ്നത്തിൽ അദ്ദേഹം കേട്ടു. അതിന്റെ അർത്ഥം ഇതാണ്. നീ അവിടെ പോകാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന് ആദ്യം നിനക്ക് ശക്തി കൈവരിക്കേണ്ടിയിരിക്കുന്നു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം മറ്റൊരു സ്വപ്നം കൂടി കണ്ടു. അതിൽ പറയപ്പെട്ടത് 40 ദിവസം നോമ്പ് നോക്കുക എന്നാണ്. നോമ്പെടുത്തപ്പോൾ 19-ാം രാത്രിയും 21-ാം രാത്രിയും അദ്ദേഹം ഒരു കശ്ഫ് കണ്ടു. അതിൽ അദ്ദേഹം

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

**അഹ്മദിയ്യത്ത് സത്യമാണ് നിങ്ങൾക്ക് ലൈലത്തുൽ ഖദ്റ് ലഭ്യമായിരിക്കുന്നു; ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്നെയാണ് ഇമാം മഹ്ദി** എന്ന വചനങ്ങൾ ശുഭ്ര വസ്ത്രധാരിയായ ഒരാൾ ഉരുവിട്ടുകൊണ്ടേ ഇരിക്കുന്നതാണ് കാണുന്നത്. അദ്ദേഹം പറയുന്നു. ഈ കശ്ഫ് പല പ്രാവശ്യം ഉണ്ടായിട്ടുണ്ട്. അവസാനം 2008 ൽ ഭാര്യയോടൊപ്പം അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. പലപ്രയാസങ്ങളും നേരിടേണ്ടിവരികയുണ്ടായി. എന്നാൽ എല്ലാ പ്രയാസങ്ങളെയും അദ്ദേഹം വളരെ ക്ഷമയോടും സഹനത്തോടും കൂടി തരണം ചെയ്തു.

കനഡ അമീർ സാഹിബ് എഴുതുന്നു. സെന്റ് തോമസ് എന്റോരിയായിലെ താമസക്കാരനായ ബിൽ ലോബിൽസൺ തീവ്ര ക്യസ്ത്യാനിയായിരുന്നു. പതുക്കെ പതുക്കെ ക്യസ്തുമതം ഉപേക്ഷിക്കുകയും എന്നിട്ട് ദൈവമെ എനിക്ക് ശരിയായ പാത കാണിച്ചുതരേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു. ''ഞാൻ വളരെ ശക്തമായിത്തന്നെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവമെ നീ ഉണ്ടെങ്കിൽ എനിക്ക് ശരിയായ മാർഗം കാണിച്ചുതരേണമേ.'' പിറ്റേന്ന് പകൽ അദ്ദേഹം കാണുന്നത് അദ്ദേഹത്തിന്റെ മെയിൽ ബോക്സിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു നോട്ടീസ് കിടക്കുന്നു. ബിൽ സാഹിബ് ഇത് ദൈവികമായ ഒരടയാളമായി മനസ്സിലാക്കുകയും ജമാഅത്തുമായി ബന്ധപ്പെടുകയും മാർച്ച് 2011ൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. മുസ്ലിം ആയതിനുശേഷം അദ്ദേഹം കുളിച്ചപ്പോൾ അദ്ദേഹത്തിന്റെ പാപമെല്ലാം കഴുകിക്കളഞ്ഞതുപോലെ അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഒരു പുതിയ മനുഷ്യനായിത്തീർന്നിരിക്കുന്നു.''

സദ്പ്രകൃതക്കാർക്ക് എണ്ണമറ്റ മുഅ്ജിസത്തുകളുടെ ആവശ്യമൊന്നുമില്ല. അല്ലാഹുവിന്റെ സഹായമായി ഇതെല്ലാം കണ്ട് അഹ്മദിയ്യത്തിനെക്കുറിച്ച് അദ്ദേഹം പഠിക്കുകയും അങ്ങനെ അത് സ്വീകരിക്കുകയും ചെയ്തു. തന്റെ പോസ്റ്റ് ബോക്സിൽ ഒരു നോട്ടീസ് കണ്ടാണ് ഇത് സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചത്.

കസാക്കിസ്ഥാനിലെ പ്രാദേശിക മുഅല്ലിം അർഫാത്ത് താമൂ സാഹിബ് എഴുതുന്നു.ഗുൽ സീസം അയിശാ സാഹിബ ബൈഅത്ത് ചെയ്തു. ഇതിനുമുമ്പ് സൂഫിസവുമായാണ് അവർ ബന്ധം പുലർത്തിയിരുന്നത്. അവരുടെ ആദ്യത്തെ ചോദ്യം ഈസാ عليه السلام നെ സംബന്ധിച്ചായിരുന്നു. ഈസാ عليه السلام നെക്കുറിച്ചും മഹ്ദി ഇമാമിനെക്കുറിച്ചും നമ്മിൽ നിന്ന് കേട്ടപ്പോൾ അവർ ആശ്ചര്യപ്പെടുകയാണുണ്ടായത്. അവർ പറയുന്നു. ജമാഅത്തിൽ പ്രവേശിക്കുന്നതിനും മൂന്ന് നാല് മാസങ്ങൾക്ക് മുമ്പ് അവർ ഒരു സ്വപ്നം കണ്ടിരുന്നു. അറബി ഭാഷയിൽ ബോർഡിൽ ആരോ എന്തോ എഴുതിവെച്ചിട്ടുണ്ട്. അത് അവർക്ക് വായിക്കാൻ കഴിഞ്ഞില്ല. അതിന്റെ പൊരുൾ അവർക്ക് ആരോ പറഞ്ഞുകൊടുത്തു. ഇമാംമഹ്ദി നിങ്ങളുടെ ഇടയിലുണ്ട് എന്നായിരുന്നു അത്. അതിന് രണ്ടാഴ്ചക്ക് ശേഷം ജൽസാ സാലാന ജർമ്മനിയുടെ പരിപാടികൾ എം.ടി.എ മുഖേന കാണുകയുണ്ടായി. ഹുസൂർ പ്രസംഗിക്കുന്നതായി കണ്ടു. അത് അവരെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഇമാം മഹ്ദി വന്നിട്ടുണ്ടെന്നും ഇമാം മഹദിയുടെ കാര്യങ്ങളാണ് പറയപ്പെടുന്നതെന്നും അവർക്ക് മനസ്സിലായി. ഇതിനുശേഷം അവർ അഹ്മദിയ്യത്ത് സ്വീകരിച്ചു.

സെറാലിയോണിൽ നിന്നും നമ്മുടെ മിഷനറി ഇൻചാർജ് എഴുതുന്നു. കെനമാ ഡിസ്ട്രിക്റ്റിലെ പണ്ടോമാ ഗ്രാമത്തിലെ ഡോക്ടർ താമോ സാഹിബ് മിഷനറി, സലിഹ സഹായെ സാഹിബ്, മുഅല്ലിം മുസ്തഫാ തൂഫാനാ എന്നീ മൂന്ന് ദാഇയാനെ ഇലല്ലാഹ് തബ്ലീഗിനായി പുറപ്പെട്ടു. തബ്ലീഗ് ചെയ്തതിനുശേഷം അല്ലാഹുവിനോട് നേർമാർഗം തേടുന്നതിന്നായി അൽഹാജ് മുസ്തഫാ കാമു സാഹിബിനോട് ഇസ്തിഖാറ ചെയ്യാനുള്ള മാർഗം പറഞ്ഞുകൊടുക്കുകയും ഈ മാർഗത്തിലൂടെ അഹ്മദിയ്യത്തിന്റെ സത്യത അറിയാൻ സാധിക്കുന്നതാണെന്ന് പറയുകയും ചെയ്തു. അടുത്ത ദിവസം സുബ്ഹിക്ക് അഹ്മദിയ്യല്ലാത്ത മുസ്തഫാ സാഹിബ് പള്ളിയിൽ വന്നുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് സത്യം തുറന്നു കൊടുക്കുകയുണ്ടായി എന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു. ആഫ്രിക്കക്കാരെക്കുറിച്ച് മറ്റുള്ളവർ പറയാറുള്ളത് അറിവില്ലാത്തവരാണെന്നാണ്. തങ്ങൾ വികസിത രാജ്യങ്ങളിലുള്ളവരാണ്. ഞങ്ങൾക്കാണ് കൂടുതൽ അറിവുള്ളതെന്ന് അവർ പറയുന്നു. ''എന്നാൽ അല്ലാഹു വഴികാട്ടാൻ ഉദ്ദേശിച്ചാൽ, ഹിദായത്ത് നൽകാൻ ഉദ്ദേശിച്ചാൽ ചെറിയ കാര്യങ്ങൾ മുഖേന വഴികാണിക്കുന്നു. ബുദ്ധിയുള്ളവർ അതിൽനിന്നും പാഠം ഉൾക്കൊള്ളുന്നു.''

ഇദ്ദേഹം പറയുന്നു. ''ഞാൻ ഒരു സ്വപ്നം കണ്ടു. സൈക്കിളിൽ പട്ടണം വരെ പോകാൻ ഒരുങ്ങുകയാണ്. എന്റെ അടുത്ത് കുറേ സാധനങ്ങളുമുണ്ട്. ഇത്രയും ഭാരമുള്ള വസ്തുക്കളുമായി സൈക്കിളിൽ എങ്ങനെ പട്ടണംവരെ പാകാൻ പറ്റുമെന്ന ചിന്താകുഴപ്പത്തിലാണ്. അപ്പോഴേക്കും ഒരു കുട്ടി വന്നുകൊണ്ട് പറയുന്നു. നിങ്ങളുടെ സഹോദരൻ സാലിഹ് നിങ്ങളെ വിളിക്കുന്നുണ്ട്. ഇദ്ദേഹം നമ്മുടെ മുഅല്ലിമാണ്. അദ്ദേഹം പോകുന്ന വണ്ടിയിൽ കയറാൻ പറയുന്നുണ്ട്. ഞാൻ പുറകോട്ട് നോക്കിയപ്പോൾ അഹ്മദിയായ എന്റെ സഹോദരൻ സാലിഹ് മനോഹരമായ ഒരു തലപ്പാവ് ധരിച്ചുകൊണ്ട് എന്നോട് പറയുകയാണ്. വരൂ കാറിൽ പോകാം. അദ്ദേഹം പറയുന്നു. ഈ സ്വപ്നത്തിൽ നിന്നും എനിക്ക് മനസ്സിലായത് എന്റെ പ്രയാസങ്ങളിൽ നിന്നുള്ള മോചനം അഹ്മദിയ്യത്തിൽ മാത്രമേ ഉള്ളൂ എന്നാണ്. ഇതിലാണ് യഥാർത്ഥ അന്തസുള്ളത്. ഈ സ്വപ്നം വിവരിച്ചതിനുശേഷം അദ്ദേഹം തന്റെ ബൈഅത്ത് വാങ്ങാൻ അപേക്ഷിച്ചു.

ശ്യാമിലെ നമ്മുടെ ഒരു സുഹൃത്ത് യാസർ ബുർആൻ അൽ അസ്ഹരി എഴുതുന്നു. ഞാൻ എന്റെ കസിൻ റത്തീബുൽ ഹരീരി സാഹിബിൽ നിന്നും ജമാഅത്തിനെക്കുറിച്ചറിഞ്ഞു. കേട്ടപ്പോൾ ത്തന്നെ എന്റെ ഹൃദയം ഇത് സത്യമാണെന്ന് പറഞ്ഞു. ഞാൻ ബൈഅത്ത് ചെയ്യാനും തയ്യാറായി. രണ്ട് ദിവസം മുമ്പ് ഞാൻ രണ്ട് റകഅത്ത് നമസ്ക്കരിച്ചു. എന്നിട്ട് ദുആ ചെയ്തു.''അല്ലാഹുവെ എനിക്ക് സത്യമെന്താണെന്നതിനെക്കുറിച്ച് പറഞ്ഞുതന്നാലും. അത് പിൻപറ്റാനുള്ള തൗഫീഖും നൽകേണമേ.'' ഞാൻ അക്ഷരാഭ്യാസമില്ലാത്ത ഒരാളാണ്. ഞാൻ സ്വപ്നത്തിൽ കാണുകയാണ്. ആരോ എന്റെ കൈ പിടിച്ച് വലിച്ചുകൊണ്ടുപോകുകയാണ്. കുറേ ദൂരം ഞാൻ ആ വ്യക്തിയോടൊപ്പം നടന്നു. ഞാൻ ചോദിച്ചു. ''നിങ്ങൾ എന്നെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്.'' അയാൾ പറഞ്ഞു. ''കുറച്ച് കഴിഞ്ഞാൽ നിങ്ങൾക്ക് സ്വയം കാണാൻ സാധിക്കുന്നതാണ്.'' അപ്പോൾ ഞാൻ കാണുന്നത് ജ്വലിച്ചുപൊങ്ങുന്ന തീനാളങ്ങളും കുറേ ആളുകളെയുമാണ്. ഇത് കണ്ട് ഭയവിഹ്വലനായിക്കൊണ്ട് ഞാൻ അയാളുടെ പിടിത്തത്തിൽ നിന്നും വിട്ടുമാറി. അപ്പോൾ ആകാശത്തുനിന്ന് പ്രകാശം ഇറങ്ങി. ആ പ്രകാശം കണ്ടപ്പോൾ ആ വ്യക്തിയോട് ഞാൻ പറഞ്ഞു. ഇനി ഞാൻ നിങ്ങളുടെ കൂടെയില്ല. ഈ പ്രകാശം കണ്ടതുമുതൽ എനിക്ക് സമാധാനവും സംതൃപ്തിയും സ്വസ്ഥതയും കൈവന്നിരിക്കുന്നു. ഈ സ്വപ്നത്തിനുശേഷം എനിക്ക് മനഃസംതൃപ്തി കൈവരികയുണ്ടായി. اَلْحَمْدُ لِلّٰهِ പിന്നീട് അദ്ദേഹം ബൈഅത്ത് ചെയ്തു.

റാനാ മുഹമ്മദ് അൽബാനി സാഹിബ ഉർദനിൽ നിവാസിയാണ്. പറയുന്നു. ''എനിക്ക് ജമാഅത്തിനെക്കുറിച്ചുള്ള അറിവ് എന്റെ ഭർത്താവിൽനിന്നാണ് ലഭിച്ചത്. അവർ മൂന്ന്വർഷം എം.ടി.എ. കണ്ടതിനുശേഷമാണ് ബൈഅത്ത് ചെയ്തിരുന്നത്. ബൈഅത്തിനുശേഷം എന്റെ ഭർത്താവിൽ അല്ലാഹുവുമായുള്ള ബന്ധത്തിന്റെ കാര്യത്തിൽ വ്യക്തമായ മാറ്റം ഞാൻ ദർശിക്കുകയുണ്ടായി. അവരുടെ ദുആ ചെയ്യുന്ന രീതി, നമസ്ക്കാരത്തിന്റെ കൃത്യനിഷ്ഠത, ഭക്തി എന്നിവ വ്യക്തമായും പ്രകടമായിരുന്നു. ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെക്കുറിച്ച് എന്നോട് സംസാരിക്കാറുണ്ടായിരുന്നു. ഇമാമുസ്സമാനിന്റെ ഗ്രന്ഥങ്ങൾ പാരായാണം ചെയ്യാൻ എന്നോട് പറയാറുണ്ടായിരുന്നു. ഇസ്ലാം മത തത്വജ്ഞാനം എന്ന ഗ്രന്ഥം വായിക്കാനായി തന്നു. അത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അറബി ഗ്രന്ഥമായ **അത്തബ്ലീഗ്** വായിച്ചു. അതും വളരെ നല്ലതായിരുന്നു. ഇതെല്ലാമായപ്പോൾ മനഃസംതൃപ്തിക്കായി അല്ലാഹുവിനോട് ഞാൻ ദുആ ചെയ്തു. തുടർന്ന് ഞാൻ പല സ്വപ്നങ്ങളും കണ്ടു. അതിലൊന്ന് ഇതായിരുന്നു. എന്റെ ഭർത്താവ് വിവിധ വർണ്ണങ്ങളിലുള്ള പനിനീർ പുഷ്പങ്ങളാൽ അലം

കൃതമായ ഉയർന്ന ഒരു സ്ഥലത്ത് നിൽക്കുകയാണ്. കുറേപേർ അദ്ദേഹത്തോടൊപ്പമുണ്ട്. അവരെല്ലാവരും സന്തോഷവാന്മാരാണ്. ഞാൻ താഴെ നിലത്താണ് നിൽക്കുന്നത്. അവർ എന്നിലേക്ക് നോക്കുന്നുണ്ട്. ഞാനും അവരോടൊപ്പം ചേരണം എന്ന് അവർ ആഗ്രഹിക്കുന്നു. ഞാൻ അവരുടെ അടുത്തേക്ക് എത്തുവാനായി മുകളിലേക്ക് കയറാൻ തുടങ്ങി. മുകളിലേക്കുള്ള വഴി വളരെ മനോഹരമായിരുന്നു. നാനാഭാഗത്തും ഹരിതാതഭമായ പ്രദേശം.വിവിധ വർണ്ണങ്ങളുള്ള പുഷ്പങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. ഞാൻ മുകളിലേക്ക് കയറി. ക്ഷീണിക്കുമ്പോൾ വിവിധ പുഷ്പങ്ങളാൽ അലങ്കരിച്ച പാത്രങ്ങളിൽ നിന്നും വെള്ളം കുടിക്കും. ആ വെള്ളം വളരെ മാധുര്യമുള്ളതും സ്വാദിഷ്ഠമുള്ളതുമായിരുന്നു. ഇത്രമാത്രം സ്വാദിഷ്ഠമുള്ള വെള്ളം ഞാൻ ഇതിനുമുമ്പ് കുടിച്ചിട്ടെ ഇല്ല. ഈ സ്വപ്നത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വിവരിച്ചതാണ് ഇസ്‌ലാമിന്റെ ഹൃദ്യമായ അദ്ധ്യാപനങ്ങൾ എന്ന് എനിക്ക് മനസ്സിലായി. അതിനാൽ എന്റെ ഭർത്താവിനോട് എന്റെ ബൈഅത്തും അയക്കാൻ ഞാൻ അപേക്ഷിക്കുകയുണ്ടായി.''

അൽജസാഇറിലെ ഫത്തീഹ സാഹിബ പറയുന്നു. ''എം.ടി.എ യുടെ വിവിധ പ്രോഗ്രാമുകൾ കണ്ടതിനുശേഷം അല്ലാഹുവിനോട് ഞാൻ ദുആ ചെയ്യുകയുണ്ടായി. ഒരു വലിയ ജമാഅത്തിൽ ഞാൻ പ്രവേശിച്ചതായി സ്വപ്നത്തിൽ കണ്ടു. അതിന് നേതൃത്വം നൽകുന്നത് ഖലീഫത്തുൽ മസീഹ് ഖാമിസാണ്. അദ്ദേഹം തങ്ങളുടെ പ്രത്യേക രീതിയിലുള്ള വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. വാതിൽ തുറന്നിട്ടിരിക്കുന്ന ഒരു മസ്ജിദിലേക്ക് വഴികാട്ടുന്നു. അതിൽ പ്രകാശം മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നു. 2010 ഫെബ്രുവരി 9 ന് ഞാൻ ബൈഅത്ത് അയച്ചു. മറുപടി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അന്ന് രാത്രി സ്വപ്നത്തിൽ കാണുന്നത് ഫ്രെയിം ചെയ്ത ഒരു കണ്ണാടിയിൽ ഞാൻ നോക്കുകയാണ്. പെട്ടെന്ന് എന്റെ രൂപം ഞാനതിൽ കണ്ടു. ആ രൂപം പ്രകാശിക്കുന്നതും നല്ല ഭംഗിയുള്ളതുമായിരുന്നു. ഇത്രയും സൗന്ദര്യമുള്ള രൂപം എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. ആ രൂപം ഉടനെ അപ്രത്യക്ഷമായി. ആ കണ്ണാടിയിൽ എന്റെ ചെറുപ്പത്തിലുള്ള ഫോട്ടോയാണ് പിന്നീട് പ്രത്യക്ഷപ്പെട്ടത്. അത് അതിമനോഹരമായിരുന്നു. ഈ രൂപം കണ്ട് സ്വപ്നത്തിൽ ഞാൻ വളരെയധികം സന്തോഷിച്ചു. എന്റെ വലതുഭാഗത്ത് നോക്കിയപ്പോൾ എന്റെ അസിസ്റ്റന്റിനെ കണ്ടു. അദ്ദേഹം പറയുകയാണ്. അഹ്മദിയ്യത്തിന്റെ സ്വാധീനം എത്രമാത്രം പ്രകടമായിക്കൊണ്ടിരിക്കുകയാണ്.''

മുഹമ്മദ് അൽ യഹ്‌യാ സാഹിബ് അൽജസാഇറ് പറയുന്നു. ''കുറച്ച് മാസങ്ങൾക്ക് മുമ്പ് ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. അതിന് കാരണക്കാരൻ എന്റെ മകൻ സലീം ആണ്. അവന് വിവിധ ചാനലുകൾ കാണാൻ താൽപര്യപ്പെടുന്ന കൂട്ടത്തിലാണ്. ഇങ്ങനെ ചാനലുകൾ തിരയുമ്പോൾ ഒരിക്കൽ എം.ടി.എ ചാനൽ കാണാനിടയായി. **ഹിവാറുൽ മുബാശിറ** എന്ന പ്രോഗ്രാമായിരുന്നു നടന്നുകൊണ്ടിരുന്നത്. അതിന്റെ പല എപ്പിസോടുകളും കണ്ടു. പ്രോഗ്രാം നടക്കുമ്പോൾ ഫോണും ചെയ്തിരുന്നു. അറബി വെബ് സൈറ്റിലുള്ള മറ്റു വിഷയങ്ങളും പഠനവിധേയമാക്കി. ശരീഅത്തിന് വിരുദ്ധമായി ഒന്നും കാണാൻ കഴിഞ്ഞില്ല. വ്യക്തമായ തെളിവുകൾ ലഭിക്കുകയും ചെയ്തപ്പോൾ ബൈഅത്ത് ചെയ്തു. ബൈഅത്തിന് മുമ്പ് ഞാൻ ഇസ്തിഖാറ ചെയ്തിരുന്നു. സയ്യിദ്നാ അഹ്മദ് عليه السلام ന്റെ നിചസ്ഥതി അല്ലാഹുവേ എനിക്ക് പറഞ്ഞുതന്നാലും എന്ന് ഞാൻ തേടിക്കൊണ്ടിരുന്നു. അപ്പോൾ ഞാൻ കാണുന്നത് ചില ആളുകൾ അവരുടെ വീടുകളിൽ നിൽക്കുന്നു. ശക്തമായ കൊടുങ്കാറ്റിനെ അവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. പുറത്ത്നിന്ന് അവരുടെ വീടിന്റെ വരാന്തയെ മറച്ചുവെക്കുന്ന ഒരു മറയുണ്ട്. അതിനെ പിടിക്കാൻ ഇവരെല്ലാവരും ശ്രമിക്കുന്നു. എന്നാൽ അത് പിടിക്കാൻ ഇവർക്ക് കഴിയുന്നില്ല്. ആ മറ കാറ്റിൽ മുകളിലേക്ക് പറന്നുപോകുന്നു. ആ മറയെല്ലാം നീങ്ങിപ്പോകുകയും വീട്ടിലെ വസ്തുക്കൾ കാണാൻ തുടങ്ങുകയും ചെയ്തു. ഇതിനുശേഷം ഒരു ശക്തമായ ഭൂകമ്പം ഉണ്ടായതായി എനിക്ക് തോന്നി. അപ്പോൾ ഭയചകിതനായിക്കൊണ്ട് പോടിച്ച സ്വരത്തിൽ കലിമ ശഹാദത്ത് ചൊല്ലി. മൂന്ന് പ്രാവശ്യം ഹൃദയത്തിന്റെ അന്തരാളത്തിൽനിന്നും ഞാനിത് ചൊല്ലി. ഇതിനുശേഷം ശാന്തി കൈവന്നു. ഇതെല്ലാം സുബ്ഹിക്ക് മുമ്പാണ് കണ്ടത്. അതിനുശേഷം ബാങ്കിന്റെ ശബ്ദം കേട്ടു. ഞാൻ ഉണർന്നപ്പോൾ എന്റെ നയനങ്ങൾ അല്ലാഹുവിനോടുള്ള ഭയം കാരണം കണ്ണുനീരിനാൽ നിറഞ്ഞിരുന്നു. നമസ്ക്കാരത്തിനായി എഴുന്നേറ്റു. എന്റെ ഭയം നീങ്ങുകയും മനഃശാന്തി കൈവരിക്കുകയും ചെയ്തു.''

''ഈ സ്വപ്നത്തിലൂടെ മിർസാഗുലാം അഹ്മദ് ഖാദിയാനിയുടെ സത്യത എനിക്ക് പ്രകടമാകുകയുണ്ടായി. കാരണം ഞാൻ ദുആ ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹം തിരുനബിയുടെ ശിഷ്യത്വത്തിൽ ജനങ്ങളെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കാൻ വേണ്ടിവന്ന വ്യക്തിയാണെന്ന് ഇതിലൂടെ എനിക്ക് മനസ്സിലായി.

താഹിർ ഹാനി സാഹിബ് എഴുതുന്നു. ലബ്നാനിൽ നിന്നും ഒരു സുഹൃത്ത് ജമീൽ സാഹിബ് ബൈഅത്ത് ചെയ്തിരുന്നു. തന്റെ സഹോദരി യാസിമിനെ അദ്ദേഹം തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. പക്ഷെ അവർ അംഗീകരിക്കുന്ന പ്രശ്നമേ ഉദിച്ചിരുന്നില്ല. ഇന്നത്തെ കത്തിൽ അദ്ദേഹം എഴുതുന്നു. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അവർ ബൈഅത്ത് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. അവർ എഴുതുന്നു. ശനിയാഴ്ച അവർ നമസ്ക്കാരം അനുഷ്ഠിച്ചതിന്ശേഷം ഹിദായത്ത് ലഭിക്കാനായി അല്ലാഹുവിനോട് കുറേ ദുആ ചെയ്തു. രാത്രി ഉറങ്ങുന്നതിന് മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സീറത്ത് വായിക്കുകയായിരുന്നു. ബൈഅത്ത് ചെയ്തിരുന്നില്ലെങ്കിലും വാഗ്ദത്തമസീഹിന്റെ പുസ്തകങ്ങൾ വായിക്കാൻ പറ്റില്ല എന്നൊന്നും പറഞ്ഞിരുന്നില്ല. സീറത്ത് വായിക്കുമ്പോൾ ഉറക്കം വന്നു. സ്വപ്നത്തിൽ ഹുസൂറിന്റെയും മറ്റു ചില വ്യക്തികളുടെയും കൂടെ ഇരിക്കുന്നതായി കണ്ടു. ഹുസൂർ عليه السلام ചോദിച്ചു. ''ബൈഅത്ത് ചെയ്യുന്നില്ലെ.'' ഞാൻ പറഞ്ഞു. ''നിങ്ങൾ പറയുന്ന കാര്യങ്ങൾ സത്യമാണ്. സ്വീകാര്യയോഗ്യവുമാണ്. അതിനാൽ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.'' അതിനുശേഷം സ്വപ്നത്തിൽതന്നെ ബൈഅത്ത് ചെയ്തു. ഉണർന്നപ്പോൾ ഈ സ്വപ്നം ശരിക്കും നടന്നതിനെക്കാളും പ്രകടമായി തോന്നി.

യമനിലുള്ള മഹ്മൂദ് യഹ്‌യാ അലി സാഹിബ് എഴുതുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യത അറിയുന്നതിന്വേണ്ടി ഞാൻ ഇസ്തിഖാറ ചെയ്തു. കഅബയുടെ വാതിലിൽ വെള്ള ശാഖകളുള്ള ഒരു വൃക്ഷത്തിന്റെ അടുത്ത് അദ്ദേഹം നിൽക്കുന്നതായി സ്വപ്നത്തിൽ കണ്ടു. അതിന്റെ ഉയരം ഏകദേശം 2 മീറ്ററാണ്.

അദ്ദേഹം ഏതോ പുസ്തകം വായിക്കുന്നുണ്ട്. അതിനുശേഷം ഞാൻ ഉണർന്നു. എന്നാൽ ഹുസൂർ വായിച്ച വാക്കുകൾ ഓർമ്മയില്ലായിരുന്നു. കുറച്ച് ദിവസങ്ങൾക്ക്ശേഷം ഞാൻ മറ്റൊരു സ്വപ്നം കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) കഅബത്തുല്ലായിൽ നബി (صلى الله عليه وسلم) യുടെ മിമ്പറിൽ കയറി നിന്ന് പ്രസംഗിക്കുകയാണ്. പിന്നീട് ഞാൻ ഉണർന്നു. അതിനുശേഷം ജമാഅത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ തുടങ്ങി. അവർ എന്നെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്തു. അവർ എന്നെക്കുറിച്ച് പറഞ്ഞുണ്ടാക്കിയത് എനിക്ക് മാനസികരോഗമാണെന്നാണ്. ചിലർ എന്നെ അസഭ്യം പറഞ്ഞു. ചിലർ എന്നോട് മിണ്ടാതെയായി. എന്നാൽ ദൈവിക പ്രസ്ഥാനങ്ങളോട് ജനങ്ങളുടെ മുമ്പേയുള്ള സമീപനം ഈ പരിഹാസവും അസഭ്യം പുലമ്പലും തന്നെയാണ്. ഇതിനെക്കുറിച്ച് വിശുദ്ധ ഖുർആനിലും എഴുതിയിട്ടുണ്ട്. ഏതായിരുന്നാലും ഭാര്യയും മക്കളും കൂടെ ഞാൻ ബൈഅത്ത് ചെയ്തു.

അബ്ദുൽ ഖാഇദ് അഹ്മദ് സാഹിബ് ജർമ്മനിയിൽ നിന്നും എഴുതുന്നു. രണ്ട് വർഷമായി എം.ടി.എ കണ്ടുകൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ പക്കലല്ലാതെ മറ്റാരുടെയും അടുത്തില്ലാത്ത എല്ലാ മറുപടികളും ഞാൻ കേട്ടുകഴിഞ്ഞിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) ന്റെ ഫോട്ടോ എം.ടി.എയിൽ ആദ്യമായി കണ്ടപ്പോൾ തന്നെ ഈ വ്യക്തി കള്ളനാകില്ല എന്ന ഒരു സംതൃപ്തി ഹൃദയത്തിന് കൈവന്നു. ഇതിനുശേഷം സുവാർത്തകളടങ്ങിയ പല സ്വപ്നങ്ങളും കണ്ടിരുന്നു. ചിലത് എഴുതുന്നു. ഒന്ന് ഇപ്രകാരമാണ്. അസ്റാഈൽ എന്ന മലക്ക് നിന്റെ വയസ്സ് കഴിഞ്ഞിരിക്കുന്നു എന്ന് എന്നോട് പറയുന്നു. തുടർന്ന് എന്നെ മനോഹരവും സുന്ദരവുമായ ഒരു സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ അനറബികളായവർ വെള്ള വസ്ത്രവും തലപ്പാവും ധരിച്ച് ഇരിക്കുന്നുണ്ട്. പിന്നീട് അസ്റാഈൽ എന്റെ നെറ്റിയിൽ കൈവെച്ചുകൊണ്ട് ബിസ്മില്ലായും സൂറ ഫാത്തിഹായും ചൊല്ലി. അതിനുശേഷം ഞാൻ ബോധരഹിതനായതുപോലെ അനുഭവപ്പെട്ടു. തുടർന്ന് ഞാനുണർന്നു. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് അറിഞ്ഞതിനുശേഷം പരിശുദ്ധ ജീവിതത്തിലേക്കുള്ള എന്റെ മാറ്റമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് മനസ്സിലാകുന്നു.

മറ്റൊരു സ്വപ്നത്തിൽ മസീഹുദജ്ജാലിനെ കണ്ടു. ഞാൻ മുമ്പോട്ട് കുനിച്ച് അതിന്റെ കഴുത്ത് ഞെരിച്ചു കളഞ്ഞു. ഇതിന്റെ വ്യാഖ്യാനം എന്റെ മനസ്സിൽ വന്നത് ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) ൽ വിശ്വസിച്ചതിന് ശേഷം എനിക്കോ എന്റെ വിശ്വാസത്തിനോ ആർക്കും ഒരു നഷ്ടവും വരുത്താൻ സാധ്യമല്ല. മറ്റൊരു സ്വപ്നത്തിൽ മസീഹ്ബ്നു മർയം (عليه السلام) പുറം തിരിച്ചു നടന്നുപോകുന്നതായി കണ്ടു. അതിന്റെ വ്യാഖ്യാനം മനസ്സിലായത് ക്രിസ്തീയ വിശ്വാസം അവസാനിക്കാനുള്ള കാലം സമാഗതമായിരിക്കുന്നു എന്നാണ്.

ഇതിനുശേഷം മറ്റൊരു സ്വപ്നത്തിൽ നബി (صلى الله عليه وسلم) യെ കണ്ടു. തിരുനബി ചാരി ഇരിക്കുകയാണ്. നാം ആ മഹാത്മാവിന്റെ പ്രകാശിക്കുന്ന മുഖം ദർച്ചുകൊണ്ടിരിക്കുകയാണ്. തിരുനബിയുടെ നിറം മർജാൻ രത്നത്തെപ്പോലെയാണ്.

ഒരിക്കൽ ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) യെ കണ്ടു. ഹുസൂറിനെ കണ്ട മാത്രയിൽ കൈ ചുംബിച്ചുകൊണ്ട് ഞാൻ കരയാൻ തുടങ്ങി. സ്നേഹവാത്സല്യത്തോടെ അദ്ദേഹം പറഞ്ഞു. വരൂ നമസ്ക്കരിക്കാം. അങ്ങനെ ഞങ്ങൾ നമസ്ക്കരിച്ചു. ഇതിനുശേഷം ഇവർ ബൈഅത്ത് ചെയ്തു.

നൈജീരിയായിൽ നിന്നും നമ്മുടെ മുബല്ലിഗ് നദീം സാഹിബ് എഴുതുന്നു. ബൻവംസ്റ്റേറ്റിലെ ഇമാം ഖാലിദ് സാഹിബുമായി നമ്മുടെ ഒരു മുബല്ലിഗ് ബന്ധപ്പെടുകയുണ്ടായി. ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിക്കാൻ നൽകി. അദ്ദേഹത്തിന് താൽപര്യം വർദ്ധിച്ചു. അബൂജയിലുള്ള ജമാഅത്ത് ഹെഡ്കോർട്ടറിൽ വന്നു. മുബല്ലിഗ് സിൽസിലയുമായി കുറേ ചോദ്യങ്ങൾ ചോദിച്ചു. കുറെ അറബി സാഹിത്യങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്ക്ശേഷം ഇമാം സാഹിബ് പറഞ്ഞു. ''എനിക്കിപ്പോൾ തൃപ്തിയായി. ഞാൻ ഇതുസംബന്ധമായി ഒരു സ്വപ്നവും കണ്ടിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) നൈജീരിയായിൽ വലിയ ഒരു ജനാവലിയെ അഭിസംബോധന ചെയ്യുകയാണ്. ഹൗസാ ഭാഷയിൽ ഞാനത് തർജ്ജമ ചെയ്യുകയാണ്. പ്രസംഗം അവസാനിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) എനിക്ക് രണ്ട് പേനയും ഒരു ഗ്രന്ഥവും നൽകി. ഇതുകാരണം എനിക്ക് സംതൃപ്തി കൈവന്നിട്ടുണ്ട്. ഉള്ളിൽ ഞാൻ അഹ്മദിയാണ്.'' അദ്ദേഹം ഹൗസാ ഭാഷയിൽ ഒരു കത്ത് തയ്യാറാക്കുകയും അതിൽ ഹ: മസീഹ് മൗഊദ് (عليه السلام) ന്റെ വാദങ്ങൾ എന്തെല്ലാമാണെന്നും ജമാഅത്തിന്റെ പുസ്തകങ്ങൾ വായിച്ചത് ഏതെല്ലാമാണെന്നും പറയുന്നുണ്ട്. യേശുമിശിഹ ഇന്ത്യയിൽ, **അൽ ഖൗലു ശ്വരീഹ് ഫീ ളുഹൂരിൽ മഹ്ദി വൽ മസീഹ്** എന്നിവ അതിൽ ഉൾപ്പെടുന്നു. നാം പ്രതീക്ഷിക്കുന്ന വാഗ്ദത്ത മസീഹ് ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) തന്നെയാണെന്ന് എനിക്ക് ദൃഢവിശ്വാസം വന്നിരിക്കുന്നു എന്നും അതിനാൽ ഞാൻ ജമാഅത്ത് സ്വീകരിച്ചിരിക്കുന്നു എന്നും മറ്റു ജമാഅത്തിലെ നേതാക്കൻമാരെയും ഇത് സ്വീകരിക്കാൻ ക്ഷണിക്കുന്നു എന്നും കത്തിൽ എഴുതിയിട്ടുണ്ട്.

ഇമാം സാഹിബ് എഴുതുന്നു. **അൽ ഖൗലുസ്വരീഹ് ഫീളുഹൂരിൽ മഹ്ദി വൽ മസീഹ്** എന്ന ഗ്രന്ഥം ഹൗസാ ഭാഷയിൽ ഞാൻ തർജ്ജമ ചെയ്യുകയായിരുന്നു. എന്നാൽ അൽപം ദിവസങ്ങൾക്ക് മുമ്പ് ഒരു സ്വപ്നം കണ്ടു. ശുഭ്ര വസ്ത്രധാരിയായ ഒരാൾ എന്റെ അടുത്ത് വന്നു. എന്നിട്ട് പറഞ്ഞു. ''യേശു മിശിഹ ഇന്ത്യയിൽ എന്ന പുസ്തകമാണ് ആദ്യം തർജ്ജമ ചെയ്യേണ്ടത്. ഇത് എന്റെ ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തെ കോഗീ സ്റ്റേറ്റിൽ എല്ലാ സ്ഥല ത്തും എത്തിക്കുക.''ഇതുകാരണം ഞാൻ ഈ പുസ്തകത്തിന്റെ തർജ്ജമ തുടങ്ങിയിട്ടുണ്ട്. അത് പൂർത്തിയാകാറായി. എനിക്ക് കുറെ ശിഷ്യന്മാരുണ്ട്. അവർക്കും അഹ്മദിയ്യത്തിന്റെ സന്ദേശം ഞാൻ എത്തിക്കുന്നതാണ്.

ബുൽക്കിനോ ഫാസുവിലെ മിഷ്യനറി ഇൻചാർജ് സാഹിബ് എഴുതുന്നു. നമ്മുടെ ഒരു മുഅല്ലിം അനുഭാവിയായ സൈല അബൂബക്കർ സാഹിബിനോട് പറഞ്ഞു. ''അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത അറിയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഞാനൊരു കുറിപ്പടി പറഞ്ഞുതരാം. താങ്കൾ നിത്യവും സ്ഥിരമായി രണ്ട് റകഅത്ത് നഫൽ അനുഷ്ഠിക്കുക. അതിൽ അഹ്മദിയ്യത്തിന്റെ നിചസ്ഥിതി അറിയുന്നതിനുവേണ്ടി മാത്രം ദുആ ചെയ്യുക. അല്ലാഹു തീർച്ചയായും വഴി കാണിക്കുന്നതാണ്.'' അദ്ദേഹം അതേപോലെ ചെയ്തു. ഒരിക്കൽ സേലാ അബൂബക്കർ സാഹിബ് സ്വപ്നം കണ്ടു. വെള്ള നിറമുള്ള

ഒരാൾ വന്നിട്ടുണ്ട്. അദ്ദേഹം മുകളിലേക്ക് കയറാൻ പറയുന്നു. ആ വെള്ളക്കാരൻ മുകളിൽ കസേരയിൽ ഇരിക്കുകയാണെന്ന് തോന്നുന്നു. അദ്ദേഹം നമ്മെ വിളിക്കുകയാണ്. സ്വപ്നത്തിൽ അവിടത്തെ ഇമാം കൂടെ ഉണ്ടായിരുന്നു. സേലാ അബൂബക്കർ സാഹിബ് പറഞ്ഞു ''വെള്ള നിറമുള്ള വ്യക്തി മുകളിലേക്ക് ക്ഷണിച്ചപ്പോൾ ഞാൻ വേഗത്തിൽ മുകളിലേക്ക് പോയി. ഇമാം സാഹിബ് എന്റെ കൈവിട്ടുകൊണ്ട് പറഞ്ഞു. ''ഞാൻ വരുന്നില്ല.'' നമ്മുടെ ഫോട്ടോകൾ കാണിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ''എന്റെ സ്വപ്നത്തിൽ ഞാൻ കണ്ടത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ തന്നെയായിരുന്നു. അദ്ദേഹം വിശ്വാസത്തിലേക്ക് നമ്മെ ക്ഷണിക്കുകയായിരുന്നു.'' അങ്ങനെ അദ്ദേഹം ബൈഅത്ത് ചെയ്തു.

ശ്യാമിലെ മുഹമ്മദ് ഈസാ സാഹിബ് എഴുതുന്നു. എന്റെ ഒരു കസിൻ മുഖേനയാണ് എം.ടി.എ ഞാൻ പരിചയപ്പെടുന്നത്. അദ്ദേഹം ഡോക്ടറാണ്. നിഷേധികളിൽ പെട്ട ആളാണ്. അദ്ദേഹം പരിഹസിച്ചുകൊണ്ടാണ് പരിചയപ്പെടുത്തിയത്. ''ഒരാൾ ഇമാം മഹ്ദിയാണെന്ന് വാദിക്കുന്നു എന്നും അദ്ദേഹത്തെ പിൻപറ്റുന്നവർ ലോകത്ത് എല്ലായിടത്തുമുണ്ട് എന്നും അദ്ദേഹം വഫാത്തായിട്ട് നൂറ് വർഷം കഴിഞ്ഞു'' എന്നും അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തിൽ നിന്നും എം.ടി.എ യെക്കുറിച്ചുള്ള വിവരങ്ങൾ കരസ്ഥമാക്കി. ആദ്യമാദ്യം എനിക്ക് വളരെ ദുഃഖമാണുണ്ടായത്. അതായത് ഇമാം മഹ്ദി വരികയും പോകുകയും ചെയ്തിട്ടും നാമാരും ഇതറിഞ്ഞില്ല. ഞാനദ്ദേഹത്തെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. മാത്രമല്ല, അദ്ദേഹം വന്ന് അറബിലെ മുസ്‌ലിം ഉമ്മത്തിനെ സ്വതന്ത്രമാക്കുന്നതായിരിക്കും എന്നും പ്രതീക്ഷിച്ചിരുന്നു. എന്റെ മനസ്സിൽ ഞാൻ പറഞ്ഞു. ''ഇദ്ദേഹത്തിന് മുഹമ്മദീ ഉമ്മത്തിനെ എങ്ങനെ സ്വതന്ത്രനാക്കാൻ കഴിയും. കാരണം ഇദ്ദേഹത്തെ ആരും ബൈഅത്ത് ചെയ്തിട്ടില്ലല്ലോ.'' ഏതായിരുന്നാലും ഞാനെന്റെ കസിനോട് പറഞ്ഞു. ''ഒരു പക്ഷെ ഇവർ സത്യമായിരിക്കും. നമുക്ക് അന്വേഷിക്കാം.'' പക്ഷെ അദ്ദേഹം ഇതൊന്നും ചെവികൊണ്ടില്ല. ഞാൻ നല്ലവനൊന്നുമല്ല. മതത്തോട് എനിക്ക് ഒരു താൽപര്യവും ഇല്ലായിരുന്നു. നമസ്ക്കാരം അനുഷ്ഠിക്കാറുണ്ടായിരുന്നില്ല. മദ്യപിക്കാറുണ്ടായിരുന്നു.എന്നിരുന്നാലും സത്യവും നീതിയും ഞാൻ എപ്പോഴും അന്വേഷിക്കുമായിരുന്നു. നാല് വർഷം മുമ്പ് സ്വപ്നത്തിൽ ഞാൻ തിരുനബി ﷺ യെ കണ്ടു. തിരുനബി ﷺ തന്റെ കൂടാരത്തിൽ ഇരിക്കുകയാണ്. ചുറ്റും സഹാബാക്കളുമുണ്ട്. ഞാൻ മുന്നോട്ട് നീങ്ങി നോക്കിയപ്പോൾ പ്രകാശവദനനായ ഒരു വ്യക്തി അവിടെ ഉണ്ട്. ചുറ്റും കൂടിയിരുന്നവരോട് ഞാൻ ചോദിച്ചു. ''ഇദ്ദേഹത്തിന് താടിയില്ലല്ലോ.'' അവർ പറഞ്ഞു. ''നുബുവ്വത്ത് സ്ഥാനത്തേക്ക് നിയോഗിതനാകുന്നതിനുമുമ്പെഴുള്ള തിരുനബിയുടെ രൂപമാണിത്.'' ഞാൻ ഉണർന്നപ്പോൾ വളരെ സന്തോഷവാനായിരുന്നു. രണ്ട് വർഷം മുമ്പ് മുതൽ എം.ടി.എ കാണാൻ തുടങ്ങിയപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട രൂപം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി عليه السلام ന്റേതാണ് എന്നെനിക്ക് മനസ്സിലായി. എന്റെ ഭാര്യയോട് ആശ്ചര്യപ്പെട്ടുകൊണ്ട് ഞാനിത് പറഞ്ഞു. സ്വപ്നത്തിൽ കണ്ട ആൾക്ക് താടിയില്ലായിരുന്നു. ഇവിടെ താടിയുണ്ട് എന്ന വ്യത്യാസം മാത്രമാണുള്ളത്. എഴുതുന്നു. ബൈഅത്ത് ചെയ്യാതിരിക്കാനുള്ള കാരണം എന്റെ പ്രവർത്തനം നല്ലതല്ലായിരുന്നു എന്നതാണ്. ജമാഅത്തിൽ പ്രവേശിച്ച് ജമാഅത്തിന് ദുഷ്പേരുണ്ടാക്കാൻ ഞാനൊരിക്കലും ആഗ്രഹിച്ചിട്ടില്ല. പുതുതായി വരുന്നവരുടെ ചിന്താഗതി ഇപ്രകാരമാണ്. ആദ്യകാലത്തുള്ള നാമെല്ലാം ഒന്ന് പരിചിന്തനം ചെയ്യുക. ലബ്നാനീ മാസിക അത്തഖൂത്തിൽ ഞാൻ എഴുതാറുണ്ട്. കവിതയും രചിക്കാറുണ്ട്. ഇങ്ങിനെയുള്ള ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കണം എന്നും ഞാൻ ആഗ്രഹിച്ചതാണ്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പദ്യങ്ങൾ വായിച്ചപ്പോൾ എന്റെ ജീവിതം ആകെ മാറിമറിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ പദ്യങ്ങൾ അസാധാരണമാണ്.

കിർഗിസ്ഥാനിൽ നിന്നും നമ്മുടെ മുബല്ലിഗ് എഴുതുന്നു. ഒരു യുവാവായ കർഗിത്ത് സാഹിബ് തന്റെ സംഭവം എഴുതുന്നു. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് കുറച്ചുകാലമായി ഞാൻ വിവരങ്ങൾ ശേഖരിച്ചുവരികയായിരുന്നു. എന്നാലും ബൈഅത്തിന് മനഃസംതൃപ്തി കൈവന്നില്ല. ആ ദിവസങ്ങളിൽ ഒരു രാത്രി ഞാൻ സ്വപ്നത്തിൽ മേൽക്കൂരയിൽ ഒരു കറുത്ത രൂപം കാണുന്നു. ഉടനെ ഞാൻ സൂറ ഫാത്തിഹായും ലാഇലാ ഇല്ലല്ലായും ചൊല്ലി. അതിനുശേഷം സ്വപ്നത്തിൽ വൃത്തിയുള്ള വെള്ള പേപ്പർ കാണുന്നു. അതിന്റെ മുകളിൽ അറബി ഭാഷയിൽ ചില വരികൾ എഴുതിയിട്ടുണ്ട്. അത് വായിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതെനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നില്ല. ഉടനെ എന്റെ വലതുഭാഗത്തെ മൂലയിൽ റഷ്യൻ ഭാഷയിൽ ഇപ്രകാരം എഴുതിയിരിക്കുന്നതായി കണ്ടു. ഇസ്‌ലാം യഥാർത്ഥ മതം. പിന്നീട് ഉച്ച സ്വരത്തിൽ ഒരു ശബ്ദം വരുന്നു. അഹ്മദിയ്യത്താണ് യഥാർത്ഥ ഇസ്‌ലാം. ഈ സ്വപ്നത്തിന് ശേഷം എനിക്ക് ആശ്വാസമായി. ഉടനെ ബൈഅത്ത് ചെയ്യുകയും ചെയ്തു.

ഇന്തോനേഷ്യയിലെ അമീർ സാഹിബ് എഴുതുന്നു. റോനി സറോനീ സാഹിബ് വെസ്റ്റ് ജക്കാർത്താ ജമാഅത്തിലെ മെമ്പറാണ്. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പ് സ്വപ്നത്തിൽ ശുഭ്ര വസ്ത്രധാരിയായി പ്രകാശിക്കുന്ന മുഖമുള്ള ഒരാളെ കണ്ടിരുന്നു. ആ വ്യക്തി തലപ്പാവ് ധരിച്ചിരുന്നു. ഈ സ്വപ്നം അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഇദ്ദേഹം തന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ പോയി. സ്വപ്നത്തിൽ കണ്ട അതേ വ്യക്തിയുടെ ഫോട്ടോ അദ്ദേഹം അവിടെ കണ്ടു. ഇത് ആരുടെ ഫോട്ടോയാണെന്ന് ചോദിച്ചപ്പോൾ സുഹൃത്ത് പറഞ്ഞു. ഇത് മഹ്ദി ഇമാമും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനുമായ മിർസാഗുലാം അഹ്മദ് ഖാദിയാനി عليه السلام ന്റേതാണ്. റോനീ സാഹിബ് ഇതിനു ശേഷം ജമാഅത്തിന്റെ പുസ്തകങ്ങൾ വായിച്ചു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ''ചിലപ്പോൾ ജമാഅത്തിന്റെ ചെറിയ ചെറിയ പുസ്തകങ്ങൾ ഡസൻ കണക്കിന് ഒന്ന് രണ്ട് ദിവസങ്ങൾ കൊണ്ട് വായിച്ചു തീർക്കുമായിരുന്നു.'' അവസാനം 2008 ൽ അദ്ദേഹം ബൈഅത്ത് ചെയ്തു. കഴിഞ്ഞ മാസങ്ങളിൽ ഇന്തോനേഷ്യയിൽ ഒരുമിച്ച് മൂന്ന് ശഹാദത്തുകൾ നടന്നതിൽ ഒന്ന് ഇദ്ദേഹമായിരുന്നു.

ബെനിനിലെ അമീർ സാഹിബ് എഴുതുന്നു. ബസ്‌ലക്ക് റീജനിലെ ഒരു ഗ്രാമമായ ഉക്കോക്കോയിൽ നമ്മുടെ ലോക്കൽ മിഷനറി ഹുസൈൻ അലി സാഹിബ് തബ്‌ലീഗിന് പുറത്ത് പോയി. അവിടത്തെ അനഹ്മദി ഇമാം അബ്ദുസ്സമദ് സാഹിബ് ജമാഅത്തിന്റെ കഠിന ശത്രുവായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ എപ്പോഴും തടസ്സം സൃഷ്ടിക്കുമായിരുന്നു. ഈ ഇമാമിനോടും പല

വുരു സംസാരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം എതിർപ്പിൽ തന്നെ ഉറച്ചുനിന്നു. മുഅല്ലിം അലി സാഹിബ് പറയുന്നു. ''എട്ട് മാസമായി ഈ മൗലവി സാഹിബുമായി ഒരു ബന്ധവും ഇല്ലായിരുന്നു. ഒരിക്കൽ സുബഹി സമയത്ത് ഈ മൗലവി സാഹിബ് ഫോൺ ചെയ്തു. ഗ്രാമത്തിൽ വന്ന് കാണാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ അടുത്ത് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു. ''രാത്രി സ്വപ്നത്തിൽ നിങ്ങളുടെ ഇമാം ഖലീഫത്തുൽ മസീഹ് ഖാമിസ് എന്റെ അടുത്തുവന്നു. എന്നിട്ട് ചോദിക്കുന്നു. ഇനി എന്താണ് കാത്തിരിക്കുന്നത്. ജമാഅത്തിൽ പ്രവേശിക്കുക.'' ഈ വാക്കുകൾ പലവുരു ആവർത്തിക്കുകയുണ്ടായി. അദ്ദേഹത്തോടുള്ള ഭയം കാരണം എനിക്ക് ഒന്നും മറുപടി പറയാൻ കഴിഞ്ഞില്ല. ഇത് അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ അടയാളമാണെന്ന് എനിക്ക് മനസ്സിലായി. അഹ്മദിയ്യത്ത് സത്യമാണെന്നും ഇത് സ്വീകരിക്കുക എന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. അതിനുശേഷം മൗലവി സാഹിബ് എതിർപ്പ് ഉപേക്ഷിച്ചു. തന്റെ മറ്റു കൂട്ടുകാരെയും ജമാഅത്തുമായി അടുപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരെയും കൂട്ടി ഞാൻ ജമാഅത്തിൽ പ്രവേശിക്കുമെന്നാണ് പറയുന്നത്. ഇദ്ദേഹത്തിന്റെ എതിർപ്പ് ഇല്ലാത്തതുകാരണം അവിടെ ബൈഅത്തുകൾ നടക്കുന്നുണ്ട്. ഇദ്ദേഹം മുഖേന 51 ബൈഅത്തുകൾ നടന്നിട്ടുണ്ട്.''

അമീർ സാഹിബ് ഇന്തോനേഷ്യ എഴുതുന്നു. ഇദാസിക്കന്തിയാന സാഹിബ ജമാഅത്ത് അഹ്മദിയ്യാ ബാറൂനിയിലെ മെമ്പറാണ്. കുട്ടിയായിരുന്നു. പലവുരു സ്വപ്നത്തിൽ മഹ്ദീ ഇമാമുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ഇമാം മഹ്ദി ആരാണെന്നുപോലും ആ കുട്ടിക്ക് അറിയില്ലായിരുന്നു. നഖ്ശ്ബന്ദീ വിഭാഗത്തിലായിരുന്നു. സ്വപ്നത്തിൽ കണ്ട ഇമാം മഹ്ദിയെ കണ്ടെത്തുന്നതിൽ വിജയം കൈവരിക്കാൻ കഴിഞ്ഞില്ല. 2007 മെയ് മാസത്തിൽ ഇവരുടെ പുതിയ അയൽവാസി ഇവരെ വീട്ടിലേക്ക് ക്ഷണിച്ചു. നമ്മുടെ മുബല്ലിഗ് സഫറുല്ലാ അംന്തു സാഹിബായിരുന്നു ഇത്. ഇദാസിക്കന്തിയാന ഇവരുടെ വീട്ടിൽ പ്രവേശിച്ചപ്പോൾ അവൻ അത്ഭുത സ്തംബ്ദനായി നിന്നു. അവിടെ എം.ടി.എ ഉണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന്റെ പ്രോഗ്രാമാണ് വന്നുകൊണ്ടിരുന്നത്. അവർ പറഞ്ഞു. ഞാൻ സ്വപ്നത്തിൽ കാണാറുള്ള വ്യക്തി ഇദ്ദേഹമാണ്. 2007 മെയ് 24-ാം തീയ്യതി അവർ ബൈഅത്ത് ചെയ്തു.

കിർഗിസ്ഥാനിലെ സലാമത്ത് കിശ്ത്തോ ബോൾഫ് സാഹിബ് കുറച്ച് വർഷം മുമ്പ് ലണ്ടനിൽ വെച്ച് ബൈഅത്ത് ചെയ്തു. കിർഗിസ്ഥാനിലെ ഇപ്പോഴത്തെ പ്രസിഡന്റാണദ്ദേഹം. അദ്ദേഹം പറയുന്നു. ബൈഅത്തിന് മുമ്പ് എനിക്ക് ഇസ്ലാമിനോട് വെറുപ്പ് തോന്നിത്തുടങ്ങിയിരുന്നു. ദീനുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല. അഹ്മദി ആകുന്നതിനും രണ്ട് വർഷം മുമ്പ് ഞാനൊരു സ്വപ്നം കണ്ടു. അത് പുലരുകയുണ്ടായി. ഒരു രാത്രി സ്വപ്നത്തിൽ എന്റെ മൂത്ത സഹോദരനായ മുഅല്ലം എന്നോട് പറയുകയാണ്. ''ഞാൻ അല്ലാഹുവിൽ നിന്നും ഒരു ദൂതനായി വന്നിരിക്കുന്നു. എന്നെ വിശ്വസിക്കുക.'' ഞാൻ പറഞ്ഞു. ''വിശ്വസിക്കാം.'' അദ്ദേഹം പറഞ്ഞു. ''നിങ്ങളെല്ലാവരും സ്വർഗ്ഗത്തിൽ പോകുന്നതാണ്. സ്വർഗ്ഗത്തിൽ പോകാൻ പണവും നൽകേണ്ടതായുണ്ട്.'' സ്വപ്നം അവസാനിക്കുന്നു. രണ്ട് വർഷത്തിന് ശേഷം ഇദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥം അൽവസിയ്യത്തിന്റെ കിർഗിസ്ഥാൻ തർജ്ജമ ചെയ്യപ്പെടുകയുണ്ടായി. അത് വായിച്ച് വസിയ്യത്ത് ചെയ്തു. പറയുന്നു. ''രണ്ട് വർഷം മുമ്പ് കണ്ട ആ സ്വപ്നം ഇപ്പോഴാണ് പൂർത്തിയായത്. അഹ്മദിയ്യത്തിന്റെ സത്യത അല്ലാഹു എനിക്ക് നേരത്തെ തന്നെ പറഞ്ഞുതരികയാണുണ്ടായത്. വസിയ്യത്ത് ഒരു ദൈവിക പദ്ധതിയാണ്. അതിൽ ചേരുന്നത് അനുഗ്രഹത്തിന് കാരണമായിത്തീരുന്നതാണ്.''

അൽ ജസാഇറിലെ അബ്ദുൽ ഖാദർ ഹദാത്ത് സാഹിബ് എഴുതുന്നു. 2004 ൽ തിരുനബി ﷺ യെ രണ്ട് വ്യക്തിത്വങ്ങളുടെ രൂപത്തിൽ ഞാൻ കാണുകയുണ്ടായി. ഒന്ന് വാർദ്ധക്യത്തിലും മറ്റൊന്ന് 45-ാം വയസ്സിലും. നീണ്ട താടിയും തലപ്പാവും ഉണ്ട്. 2006 ൽ എനിക്ക് വീണ്ടും തിരുനബി ﷺ യുടെ ദർശനമുണ്ടായി. അതും രണ്ട് വ്യക്തിത്വങ്ങളുടെ രൂപത്തിൽ തന്നെ. ഹുസൂറിന്റെ മുഖം വെളുത്തതും പ്രകാശമയവുമായിരുന്നു. എന്നോട് പറഞ്ഞു. ''നീ സന്തോഷിക്കുക. ഇത് അല്ലാഹുവിന്റെ റസൂലാണ്.'' ഇതിന് രണ്ട് മാസങ്ങൾക്ക് ശേഷം എം.ടി.എ യിൽ ഞാൻ ഇമാം മഹ്ദി عليه السلام ന്റെ ഫോട്ടോ കാണുകയുണ്ടായി. അത് തിരുനബിയുടെ രണ്ടാം വ്യക്തിത്വത്തിന്റെ രൂപത്തിലായിരുന്നു. അതിനുശേഷം ഞാൻ വീട്ടിലിരുന്ന് എം.ടി.എ പ്രോഗ്രാമുകൾ കണ്ടുകൊണ്ടിരുന്നു. ബൈഅത്ത് ചെയ്യുകയും ചെയ്തു.

കോംഗ്രാ അമീർ സാഹിബ് എഴുതുന്നു. ദീദി കെ കൊമ്പാലാ, ഡോഗോ മാഫി പട്ടണത്തിൽ വക്കിലാണ്. ക്രിസ്ത്യാനിയായിരുന്നു. കുറച്ച് മാസങ്ങളായി നമ്മുടെ അനുഭാവിയായി. ബൈഅത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല. ഒരു രാത്രി അദ്ദേഹം ഒരു സ്വപ്നം കണ്ടു. വിവിധങ്ങളായ വന്യമൃഗങ്ങൾ അദ്ദേഹത്തെ ആക്രമിക്കുകയാണ്. അദ്ദേഹത്തിൽ മറ്റൊന്നും മനസ്സിൽ അപ്പോൾ വന്നില്ല. അല്ലാഹ് എന്ന് ചൊല്ലി അവയെ ഇദ്ദേഹം ഊതി. അപ്പോൾ ആ മൃഗങ്ങളെല്ലാം നിലം പതിച്ചു. ഈ സ്വപ്നം കൂറേ നേരം ഉണ്ടായിരുന്നു. രാവിലെ മിഷൻ ഹൗസിൽ വന്നു. വളരെ ആവേശത്തിലായിരുന്നു. അവിടെ കൂടിയിരുന്നവർക്കെല്ലാം വളരെ ആവേശത്തോടെ ഈ സ്വപ്നം കേൾപ്പിക്കുകയായിരുന്നു. ഇസ്ലാം സത്യമതമാണെന്നും അഹ്മദിയ്യാ ജമാഅത്ത് സത്യമാണെന്നും അദ്ദേഹം സത്യം ചെയ്യുന്നുണ്ടായിരുന്നു. അന്ന് തന്നെ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഇപ്പോൾ വളരെ ആത്മാർത്ഥതയോടെ ജമാഅത്തിൽ അടിയുറച്ചു നിൽക്കുന്നു.

സാമി മുഹമ്മദ് ഇറാഖി സാഹിബ് മിസ്റ് സ്വദേശിയാണ്. ബൈഅത്തിന് മൂന്ന് വർഷം മുമ്പുള്ള ഒരു സംഭവമാണ്. ഒരു പ്രസിദ്ധ ക്രൈസ്തവ പാദിരിയുടെ ഇസ്ലാമിന്നെതിരിലും നബി ﷺ യുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്ന തരത്തിലുമുള്ള ആക്ഷേപം കേട്ട് ഹൃദയം നുറുങ്ങുകയായിരുന്നു. എനിക്ക് ഇതിന് മറുപടി പറയാൻ കഴിയുന്നുണ്ടായിരുന്നില്ല. എന്നെ ഇത് വല്ലാതെ പ്രയാസത്തിൽ അകപ്പെടുത്തി. ഞാൻ മിസ്റിലെ ഒരു പള്ളിയിലെ ഖത്തീബായിരുന്നു. ഇസ്ലാമിക പാഠങ്ങളെക്കുറിച്ച് ഒരു പരിധിവരെ എനിക്ക് നല്ല അറിവുണ്ടായിരുന്നു. എന്നാൽ ഇവരുടെ ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ ഒരു മുസ്ലിമിന്ന് എന്തുകൊണ്ട് കഴിയുന്നില്ല എന്ന കാര്യം എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നില്ല. ഇന്റർനെറ്റിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ മുമ്പുള്ള തഫ്സീറുകളും ഉലമാ

ക്കളുടെ ഗ്രന്ഥങ്ങളും ഈ പാതിരിക്ക് മറുപടി പറയാൻ തടസ്സമാണ് എന്ന് മനസ്സിലായി. ഇവയിൽ നിന്നെല്ലാമാണ് പാദിരിക്ക് ആക്ഷേപം ഉന്നയിക്കാൻ ധൈര്യം ലഭിക്കുന്നത്. മുസ്തഫാ സാബിക് സാഹിബിന്റെ **അജൂബഅനിൽ ഈമാൻ** പുസ്തകം ലഭിച്ചു. അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാൻ താൽപര്യമായി. ജമാഅത്തിന്റെ വെബ്സൈറ്റിനെക്കുറിച്ചും എം.ടി.എ യെക്കുറിച്ചും പരിചയപ്പെട്ടു. ഞാൻ കൂടുതൽ പഠനം ഇതുസംബന്ധമായി നടത്തുകയും എം.ടി.എ പ്രോഗ്രാം കാണുകയും ചെയ്തപ്പോൾ ഈ വിജ്ഞാനം ഏതെങ്കിലും ഒരു വ്യക്തിയുടെ പരിശ്രമഫലമല്ലെന്ന് മനസ്സിലായി. ഞാൻ രണ്ട് വർഷം വരെ സത്യാന്വേഷണത്തിൽ കഴിച്ചുകൂട്ടി. അവസാനം എനിക്ക് യഥാർത്ഥ ഖുർആൻ ലഭിച്ചു. പിന്നീട് സ്വപ്നത്തിൽ ഞാൻ ഇമാം മഹ്ദി عليه السلام നെ കണ്ടു. അദ്ദേഹം എന്റെ കൈ പിടിച്ചു. ഒരു സ്ഥലംവരെ കൊണ്ടുപോയി. അവിടെ ഹാനീ താഹിർ സാഹിബും തമീം മൂദാഖ സാഹിബും നദീം സാഹിബും ഒരു ഭക്ഷണത്തളികയുടെ ചുറ്റും ഇരിക്കുന്നുണ്ട്. അവർ എന്നെയും അവിടെ ഇരുത്തി. ഈ സ്വപ്നത്തിന് ശേഷം ബൈഅത്ത് ചെയ്യാൻ അല്ലാഹു എന്റെ ഹൃദയം തുറന്ന് തരികയുണ്ടായി.

2009 ൽ ബൈഅത്ത് ചെയ്ത ഒരു റഷ്യൻ സഹോദരി സഫിയ ഇദ്ദ സാഹിബ റമദാനിലെ അവസാന പത്തിൽ കണ്ട ഒരു സ്വപ്നം വിവരിക്കുന്നു. അവരുടെ ജീവിതം രണ്ടായി ഭാഗിച്ചതാണ് സ്വപ്നത്തിൽ കണ്ടത്. ചതുരംഗത്തെപോലെ അത് വളരെ പ്രയാസപ്പെട്ടതായിത്തീർന്നിരിക്കുന്നു. മധ്യഭാഗത്തെത്തുമ്പോഴേക്കും എല്ലാം ശരിയായിത്തീരുമെന്ന് ആരോ അവരോട് പറയുന്നു. പകുതി കഴിഞ്ഞ അടുത്ത ഭാഗത്തേക്ക് പ്രവേശിച്ചപ്പോൾ വൃത്തിയുള്ള നല്ല ഒരു പുൽമേട അവർ കാണുന്നു. അവിടെ പ്രകാശദീപ്തമായ സൂര്യൻ മിന്നിത്തിളങ്ങുന്നുണ്ട്. അതിനെക്കുറിച്ച് എന്നോട് പറയപ്പെട്ടത് അത് ഭാരതമാണെന്നാണ്. തകർന്നടിഞ്ഞ കോട്ടകൾ അവിടെ കാണുന്നുണ്ട്. എന്നാൽ അവിടംവരെ പോകാനുള്ള അനുവാദം നൽകുന്നില്ല. അവിടേക്ക് പോകണമെങ്കിൽ ചിലതെല്ലാം ചെയ്യാനുണ്ട്; അതിനു ശേഷമാണ് അവിടേക്ക് പോകാൻ അനുവദിക്കുകയുള്ളൂ എന്ന് പറയപ്പെട്ടു. ഈ സ്വപ്നത്തിന് മൂന്ന് നാല് ആഴ്ചകൾക്ക് ശേഷം ജമാഅത്തിലെ മുബല്ലിഗിൽ നിന്നും അറിവ് കരസ്ഥമാക്കിയ ഒരു ഇമാം അവരെ നമ്മുടെ മുബല്ലിഗ് താഹിർ ഹയാത്ത് സാഹിബിന്റെ അടുത്ത് അഹ്മദിയ്യാ സെന്ററിൽ കൊണ്ടുവരികയുണ്ടായി. അവിടെ വന്ന് ജമാഅത്തിനെക്കുറിച്ച് ആ സ്ത്രീക്ക് മനസ്സിലാക്കിക്കൊടുത്തു. ഇത്കേട്ട് അവർക്ക് വളരെ ആശ്ചര്യം ഉണ്ടായി. ഇന്ത്യയിലാണ് മഹ്ദി ഇമാം വന്നതെന്നും സ്വപ്നത്തിൽ പ്രകാശിക്കുന്ന സൂര്യനെ ഞാൻ കണ്ടതും ഇന്ത്യയിൽ തന്നെയാണ്. പിന്നീട് അവർ ബൈഅത്ത് ചെയ്യുകയുണ്ടായി.

വിവിധ സംഭവങ്ങളിൽ നിന്നുള്ള ചില സംഭവങ്ങളാണ് ഞാനെടുത്തത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ''ഇസ്ലാമിന്റെ മഹത്വവും പ്രതാപവും പ്രകടമാകാനുള്ള സമയം ഇതാ സമാഗതമായിരിക്കുന്നു. ഈ ഒരു ഉദ്ദേശ്യവുമായാണ് ഞാൻ വന്നിരിക്കുന്നത്. ആകാശത്ത്നിന്ന് ഇറങ്ങിക്കൊണ്ടിരിക്കുന്ന പ്രകാശങ്ങളും അനുഗ്രഹങ്ങളും മുസ്ലിംകൾ വിലമതിക്കേണ്ടതാണ്. എന്നിട്ട് അല്ലാഹുവിന് കൃതജ്ഞത ഉള്ളവരായിത്തീരേണ്ടതാണ്. അല്ലാഹു കൃത്യസമയത്ത്തന്നെ അവരെ സംരക്ഷിക്കുകയുണ്ടായി. അല്ലാഹു തന്റെ വാഗ്ദാനപ്രകാരം ഈ ദുർഗടഘട്ടത്തിൽ അവരെ സഹായിക്കുകയുണ്ടായി. അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിന് അവർ വിലകൽപ്പിക്കുന്നില്ലെങ്കിൽ അല്ലാഹു അവരെ അൽപം പോലും വിലമതിക്കുന്നതല്ല. അല്ലാഹു തന്റെ പ്രവർത്തി ചെയ്യുക തന്നെ ചെയ്യും. ഇവർക്ക് ദുഃഖമെന്നല്ലാതെ എന്തു പറയാൻ.''

*അല്ലാഹു മുസ്ലിംകളുടെ ഹൃദയം തുറക്കുമാറാകട്ടെ. യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നതിനായി അല്ലാഹുവിനോട് സഹായം തേടുന്നവരായി ഇവർ മാറട്ടെ. അല്ലാഹു നമ്മുടെ വിശ്വാസത്തേയും ശക്തിപ്പെടുത്തുമാറാകട്ടെ.*

ജുമുഅ നമസ്ക്കാരത്തിന് ശേഷം ചില ജനാസ ഗാഇബ് നമസ്ക്കാരം ഉണ്ടായിരിക്കുന്നതാണ്. സിറിയയിലെ അഹ്മദി സുഹൃത്ത് അഹ്മദ് ബാക്കി സാഹിബ് മാർച്ച് 5 ന് വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ ക്യാൻസർ രോഗിയായിരുന്നു. ചെറുപ്പത്തിൽ തന്നെ മസ്ജിദുമായി നല്ല ബന്ധമായിരുന്നു. എന്നാൽ സദ്പ്രകൃതമായതുകൊണ്ട് അവരുടെ മൗലവിമാർ പറയുന്നതൊന്നും പ്രവർത്തിക്കുന്നില്ലെന്ന് അദ്ദേഹത്തിന് വേഗം മനസ്സിലായി. പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നും. അങ്ങനെ അല്ലാഹു അദ്ദേഹത്തെ മൗലവിമാരിൽ നിന്നും അകറ്റി. എന്നാൽ ഭൗതികതയിൽ മുഴുകാതെ അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. അല്ലാഹു അദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്തിക്കൊടുത്തു. ജമാഅത്തിനെക്കുറിച്ച് ഇസ്തിഖാറ ചെയ്തു. ( ഇതും ഇതുവരെ പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ടതാണ്.) ഇസ്തിഖാറ ചെയ്തപ്പോൾ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ കാണുകയുണ്ടായി. അദ്ദേഹം ഒരു പ്രസിദ്ധനായ സലഫി മൗലവിയുടെ അടുത്തേക്ക് പോയിട്ടുണ്ട്. അടുത്തെത്തിയപ്പോൾ മൗലവിയെ കാണാനില്ല. ഹുസൂർ عليه السلام ഈ പരേതനായ യുവാവിന്റെ അടുത്തേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു. ഈ മൗലവി അകറ്റപ്പെട്ടിരിക്കുന്നു. ഈ സ്വപ്നം അദ്ദേഹത്തെ സ്വാധീനിച്ചു. 2009 ജൂലൈ 15 ന് 17ാം വയസ്സിൽ ബൈഅത്ത് ചെയ്തു.ക്യാൻസർ രോഗിയായിരുന്നിട്ടുകൂടി തബ്ലീഗിന് വലിയ ആവേശമായിരുന്നു. അദ്ദേഹത്തെ മുർത്തദ്ദാക്കാൻ വേണ്ടി വന്ന ഒരു മൗലവിക്ക് അദ്ദേഹത്തിന്റെ മുമ്പിൽ നിലനിൽക്കാൻ കഴിഞ്ഞില്ല. നല്ലനല്ല സ്വപ്നങ്ങൾ കാണാറുണ്ടായിരുന്നു. സിറിയയിലെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ഒരുവർഷം മുമ്പ് അദ്ദേഹം സ്വപ്നം കാണുകയും അത് ചില സുഹൃത്തുക്കളോട് പറയുകയും ചെയ്തിരുന്നു. ഒന്ന് ഇദ്ദേഹത്തിന്റെ ജനാസ ഗാഇബാണ്.

കാമൽ റാശിദ് സാഹിബിന്റെതാണ് രണ്ടാമത്തേത്. സിറിയയിലെ ഖുമസ പട്ടണത്തിൽ നടത്തപ്പെടുന്ന ശക്തമായ പ്രതിഷേധ പ്രകടനങ്ങൾക്കുനേരെ ശക്തമായ വെടിവെപ്പ് നടക്കുന്നു. ബിൽഡിംങ്ങുകൾക്ക് മുകളിൽ നിന്നും വെടിവെപ്പ് നടക്കുന്നുണ്ട്. ഈ വെടിവെപ്പിനിടയിലാണ് 2011 ഏപ്രിൽ 8 ന് കാമൽ റാശിദ് സാഹിബ് വഫാത്തായത്. ഇദ്ദേഹത്തിന്റെ സഹോദരൻ വിവരിക്കുന്നു. ''ഫയറിംഗ് നടക്കുമ്പോൾ ഞാൻ വീടിൻ പുറത്തായിരുന്നു. വെടിയൊച്ച കേട്ടപ്പോൾ എന്നെ അന്വേഷിച്ചാണ് സഹോദരൻ വീട്ടിൽ നിന്നും ഇറങ്ങിയത്. അൽപം നടന്നപ്പോൾ എന്നെ കണ്ടു. എന്നിട്ട് ഉറക്കെ വീട്ടിലെത്താൻ പറഞ്ഞു. ഇതു പറഞ്ഞ തിരിഞ്ഞപ്പോൾ അദ്ദേഹത്തിന് വെടിയേറ്റു. അത് ഹൃദയത്തിലാണ് ഏറ്റത്. ഉടനെ വഫാത്താകുകയും ചെയ്തു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ കുറച്ച് ദിവസം മുമ്പ് പറഞ്ഞിരുന്നു.

ഹുസൂർ ഏപ്രിൽ ഒന്നിന് ചെയ്ത ഖുത്വുബയിൽ നിന്നും കാര്യങ്ങളെല്ലാം മനസ്സിലാക്കിയിരുന്നു. ഹർത്താലുകളിലൊന്നും പങ്കെടുത്തിരുന്നില്ല. വീട്ടിൽ നിന്നും പുറത്തിറങ്ങഇയപ്പോൾ ഫയറിംഗിന് ഇരയാകുകയാണുണ്ടായത്. സ്നേഹിക്കുന്ന പ്രകൃതക്കാരനായിരുന്നു. ഭാര്യയും ഒരു മകനും രണ്ട് പെൺകുട്ടികളുമുണ്ട്. 31 വയസ്സാണ് പ്രായം. ശൈഖ് അബ്ദുൽ ഹാദി അൽബാനി എന്ന ആളുടെ മുരീദായിരുന്നു. അദ്ദേഹത്തിന്റെ വാദം ഇമാം മഹ്ദിയാണെന്നും ഈസാ നബി عليه السلام ജീവിച്ചിരിപ്പുണ്ടെന്നും ദമസ്ക്കസിലെ പള്ളിയിൽ ഇറങ്ങുമെന്നുമായിരുന്നു. ഈസാ عليه السلام മരിച്ചുപോയിരിക്കുന്നു എന്നതിനുള്ള തെളിവുകൾ ലഭിച്ചപ്പോൾ 2008 മുതൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

മൂന്നാമത്തെ ജനാസ മുഹമ്മദ് മുസ്തഫാ റാത്ത് സാഹിബിന്റെതാണ്. ഇദ്ദേഹം സിറിയക്കാരനാണ്. ജുമുഅ നമസ്ക്കരിച്ചതിന് ശേഷം വീടിന്റെ മുകളിൽ വിശ്രമിക്കുകയായിരുന്നു. താഴെ വഴിയിൽ ജനങ്ങൾ പ്രകടനം നടത്തുകയായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ മുകളിൽ നിന്ന് താഴേക്ക് നോക്കുകയായിരുന്നു. അദ്ദേഹം കുട്ടിയെ പിന്നിലേക്ക് വലിക്കാൻ മുന്നോട്ടു നീങ്ങി. ഞൊടിയിടയിൽ ഒരു വെടിയുണ്ട ചീറിപ്പാഞ്ഞുവരികയും ഇദ്ദേഹത്തിന്റെ കണ്ണിൽ തറക്കുകയും ചെയ്തു. അവിടെവെച്ചുതന്നെ വഫാത്താകുകയും ചെയ്തു. اِنَّا لِلّٰہِ وَاِنَّا اِلَیْہِ رٰجِعُوْنَ 1971ൽജനിച്ചു.എയർ പോർട്ടിൽ ജോലി ചെയ്ത് പോന്നു. എം.ടി.എ മുഖേന അഹ്മദിയ്യത്തിനെക്കുറിച്ചറിഞ്ഞു. അന്വേഷണത്തിന് ശേഷം 2008 മുതൽ ബൈഅത്ത് ചെയ്തു. ഭാര്യ അനഹ്മദിയാണ്. അഹ്മദിയ്യത്തിന്റെ സത്യം അറിയാം. *അഹ്മദിയ്യത്ത് സ്വീകരിക്കാൻ അല്ലാഹു അവർക്ക് സൗഭാഗ്യം നൽകുമാറാകട്ടെ.* മകനും മകളും കൂടെ മറ്റു സഹോദരന്മാരും ബന്ധുക്കളും ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ട്. അനുസരണമുള്ള ആളും സൽസ്വഭാവിയും ഖിലാഫത്തിനോട് വളരെയധികം കൂറു പുലർത്തുന്ന വ്യക്തിയുമായിരുന്നു. അല്ലാഹു എല്ലാവർക്കും ക്ഷമ നൽകുമാറാകട്ടെ.

മറ്റൊരു ജനാസ ലുഥ്ഫുർറഹ്മാൻ സാഹിബ് ശാക്കിറിന്റെതാണ്. ദീർഘകാലം രോഗശയ്യയിലായിരുന്നു. 80-ാം വയസ്സിലാണ് വഫാത്തായത്. മൗലാന അബ്ദുർറഹ്മാന് അൻവർ സാഹിബിന്റെ മൂത്ത മകനാണ്. അബ്ദുർ റഹ്മാൻ അൻവർ സാഹിബ് ഖലീഫത്തുൽ മസീഹ് സാനിയുടെയും സാലിസിന്റെയും പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തിട്ടുണ്ട്. തഹ്രീഖ് ജദീദിന്റെ ആദ്യകാല മെമ്പർമാരിൽപെട്ടവരായിരുന്നു. വഖ്ഫെ സിന്ദഗിയായിരുന്നു. ഫസ്ലെ ഉമർ ആശുപത്രിയിൽ കമ്പോണ്ടറായി ജോലി ചെയ്തു. ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിനൊപ്പമാണ് ജോലി ചെയ്തിരുന്നത്. ഖലീഫത്തുൽ മസീഹ് സാലിസിന്റെ കൂടെ ആഫ്രിക്കയിലും യൂറോപ്പിലും യാത്ര ചെയ്യാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.ഖിലാഫത്തുമായി അടുത്ത ബന്ധമായിരുന്നു. ജനങ്ങളുടെ സേവകനായിരുന്നു. അമ്മാജാൻ ഉമ്മുൽ മുഅ്മിനീൻ رضي الله عنها മുസ്‌ലിഹ് മൗഊദ് رضي الله عنه ഖലീഫത്തുൽ മസീഹ് സാലിസ് എന്നിവർക്കെല്ലാം സേവനം ചെയ്യാനുള്ള ഭാഗ്യം ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം ഇഞ്ചക്ഷൻ എടുത്ത സിറിഞ്ചുകൾ എടുത്ത് സൂക്ഷിച്ച് വെച്ചിരുന്നു. ഇത് അമ്മാജാന്റെതാണ്, ഖലീഫ സാനിയുടേതാണ്, ഇത് സാലിസിന്റെതാണ്. ഇപ്പോൾ റബ്‌വയിൽ ഫള്ലെ ഉമർ ഹോസ്പിറ്റൽ, ഹാർഡ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ ചികിത്സാ സൗകര്യങ്ങളുണ്ട്. അക്കാലത്ത് ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബുംഡോക്ടർ ഹസ്മത്തുല്ലാഹ് സാഹിബിന്റെ മകൻ ഡോക്ടർ മഹ്മൂദ് അഹ്മദ് സാഹിബും എന്നിവരാണ് ഉണ്ടായിരുന്നത്. ഡിസ്പെൻസറി നടത്തിയിരുന്നത് ലുത്ഫുർറഹ്മാൻ സാഹിബായിരുന്നു. ഇവരാണ് എല്ലാം നടത്തിയിരുന്നത്. വല്ലപ്പോഴും ആവശ്യം നേരിട്ടാൽ ജനങ്ങൾ വീടുകളിലേക്ക് വിളിക്കുമായിരുന്നു. ഉള്ള ചികിത്സാ സൗകര്യങ്ങൾ സസന്തോഷം ചെയ്തുകൊടുത്തിരുന്നു. റബ്‌വയിലെ ഫള്ലെ ഉമർ ഹോസ്പിറ്റലിലെ പ്രാരംഭ പ്രവർത്തകരിലൊരാളായിരുന്നു ഇദ്ദേഹം. *അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.* ഖാസി മുഹമ്മദ് റസീദ് ഖാൻ സാഹിബിന്റെ മകളാണ് ഭാര്യ. മൂസിയായിരുന്നു. ഇപ്പോൾ ജർമ്മനിയിലായിരുന്നു. കുട്ടികളും ജർമ്മനിയിലാണ്. ജനാസ റബ്‌വയിലേക്ക് കൊണ്ടുപോകും. ഇവരുടെ എല്ലാവരുടെയും ജനാസ ഗാഇബ് നമസ്ക്കരിക്കുന്നതാണ്. *അല്ലാഹു ഇവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഭാവി തലമുറയിലും അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടും ആത്മാർത്ഥതയും കൂറും നിലനിറുത്തുമാറാകട്ടെ.*


**HADHRAT MIRZA MASROOR AHMAD**

KHALIFATUL MASIH - V ایدہ اللہ تعالیٰ بنصرہ العزیز

on 29- 04- 2011 at London

വിവർത്തനം

എം. നാസിർ അഹ്മദ് സാഹിബ് കൊടിയത്തൂർ

മുബല്ലിഗ് എറണാകുളം, PHONE : 9497343704

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode

Published by: **Majlis Khuddamul Ahmadiyya, North Kerala**